# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാര്‍ച്ച് 23, തിങ്കള്‍

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--311]**

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യ നമ്പര്‍ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി | : 2997 മുതല്‍ 3087 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 3088 മുതല്‍ 3185 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : 3186 മുതല്‍ 3268 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : 3269 മുതല്‍ 3307 വരെ |

### നെഹ്റു ജയന്തി സ്മാരക ഭവന നിര്‍മ്മാണ സഹായം

2997. **ശ്രീ.എ.കെ.ബാലന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ മുഖേന നെഹ്റു ജയന്തി സ്മാരകമായി ഭവന നിര്‍മ്മാണ സഹായം നല്‍കാന്‍ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കില്‍ എന്നുമുതലാണ് പദ്ധതി ആരംഭിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ധനസമാഹരണം എങ്ങനെയാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം,നല്‍കുന്ന ധനസഹായം എന്നിവയും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് ബാദ്ധ്യതയാകാത്ത രീതിയില്‍ നടപ്പിലാക്കാന്‍ നടപടി സ്വീകരിക്കുമോ?

### നാല്‍ക്കവല-മീയ്യണ്ണൂര്‍-കോമളത്ത് റോഡ് നവീകരണം

2998. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ നാൽക്കവല-മീയ്യണ്ണൂർ-കോമളത്ത് റോഡ് ഗതാഗതയോഗ്യമല്ലാത്തതിനാൽ പ്രസ്തുത റോഡ് പി. എം. ജി. എസ്. വൈ. പദ്ധതിപ്രകാരം നവീകരിക്കുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചിരുന്നുവോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡ് നവീകരണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡ് പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളതെന്നും, എപ്പോൾ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ ?

<u>കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി</u>

2999. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത് വ്യക്തമാക്കാമോ ;

(ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പദ്ധതി പ്രകാരമുള്ള ഏതെല്ലാം റോഡുകളുടെ നിർമ്മാണം നിലച്ച അവസ്ഥയിലുള്ളത് ; ആയത് പുനരാരംഭിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

<u>ഐ.എ.വൈ പദ്ധതി</u>

3000. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ വർഷവും എത്ര വീടുകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ ഐ.എ.വൈ പദ്ധതി ഗുണഭോക്താക്കളെ തെരെഞ്ഞടുക്കുന്നതിന്

പ്രത്യേക മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിരുന്നുവോ;

(സി) എങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഡി) ന്യൂനപക്ഷ വിഭാഗത്തിൽപെട്ടവർക്ക് എത്ര ശതമാനം വീടുകൾ വീതം നൽകണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിരുന്നതെന്നും പുതുക്കിയ മാനദണ്ഡപ്രകാരം ന്യൂനപക്ഷങ്ങൾക്ക് എത്ര വീതമാണ് നൽകിവരുന്നതെന്നും വ്യക്തമാക്കാമോ?

## ഐ.എ.വൈ പദ്ധതി

3001. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് ബജറ്റിൽ വകയിരുത്തിയത് ; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ബജറ്റിൽ വിഭാവനം ചെയ്ത തുക ഈയിനത്തിൽ നിയമസഭ പാസ്സാക്കി നൽകിയോ; ഇല്ലെങ്കിൽ പാസ്സാക്കി നൽകിയ തുക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ സാമ്പത്തിക വർഷവും പാസ്സാക്കിയ തുകയിൽ എത്ര രൂപ വീതമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ പ്രകാരം ഒരു വീട് നിർമ്മിക്കുന്നതിന് ഗുണഭോക്താവിന് എത്ര രൂപ വീതമാണ് നൽകുന്നത്; ഇതിൽ കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും വിഹിതം എത്ര രൂപ വീതമാണ്; പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; വർദ്ധിപ്പിച്ച വിഹിതം ആരാണ് വഹിക്കുന്നത് ; ഇതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്താണ് മാനദണ്ഡം;

(ഇ) സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കാതെ അധിക ബാധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കേണ്ടിവന്നതു മുഖേന വികസന പദ്ധതികൾ നടപ്പാക്കാനാവാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സംസ്ഥാന സർക്കാരിന്റെ വിഹിതമായ 50,000 രൂപ വീതമുള്ളത് കഴിഞ്ഞ 3 വർഷമായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാത്തത് എന്തുകൊണ്ട്; പ്രസ്തുത തുക സഹകരണ ബാങ്കുകളിൽ നിന്നും വായ്പയായി എടുക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിരുന്നോ; ഇത്തരത്തിൽ എത്ര ബ്ലോക്ക് പഞ്ചായത്തുകൾ എത്ര രൂപ വീതം വായ്പ എടുത്തു എന്ന് ബ്ലോക്കിന്റെ പേര്, വായ്പ എടുത്ത തുക, സാമ്പത്തിക വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

## ഐ.എ.വൈ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം

3002. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ ഭവനനിർമ്മാണപദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം ലഭിക്കാത്തതിനെ തുടർന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പൂർത്തിയാക്കാത്ത എത്ര ഭവനങ്ങളാണ് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ളത്; വ്യക്തമാക്കാമോ?

## സി-ഡിറ്റ്-കെട്ടിടനിർമ്മാണം

3003. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന് 2010-ലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടത്ത് അനുവദിച്ച സ്ഥലത്ത് കെട്ടിടനിർമ്മാണത്തിന് കല്ലിടൽ കർമ്മം കഴിഞ്ഞ് രണ്ടു വർഷം കഴിഞ്ഞിട്ടും നിർമ്മാണം തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## പി.എം.ജി.എസ്.വൈ പദ്ധതി - ആറ്റിങ്ങൽ

3004. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലമുൾപ്പെട്ട പ്രദേശത്ത് നിലവിൽ ഏതെല്ലാം റോഡുകളാണ് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഓരോ റോഡിന്റെയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും കരാർ തുക എത്ര വീതമെന്നും കരാർ എടുത്തിരിക്കുന്നത്

ആരൊക്കെയാണെന്നും പണി പൂർത്തിയാക്കേണ്ട തീയതി ഏതാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം പുതിയതായി ഏതെല്ലാം റോഡുകളുടെ നവീകരണത്തിനായാണ് ശിപാർശ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പി.എം.ജി.എസ്.വൈ റോഡുകൾ

3005. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലപരിധിയിൽ വരുന്ന എത്ര പി. എം. ജി. എസ്. വൈ. റോഡുകൾക്ക് 2014-15-ൽ അനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ ഏതൊക്കെയെന്നും ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ?

## ഹിൽ ഏരിയ വികസന ഏജൻസി

3006. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ വികസന ഏജൻസി പഴം പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ എത്ര രൂപ ചെലവഴിച്ചുവെന്നും ഇത് വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ ഗുണഭോക്താക്കളുടെ പേരു വിവരവും ഓരോർത്തർക്കും നൽകിയ തുകയും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ഡി) ഹിൽ ഏരിയ വികസന ഏജൻസി വഴി നടപ്പാക്കിയ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഹിൽ ഏരിയ വികസന ഏജൻസി പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി എത്ര പേർക്ക് ആനുകൂല്യം നൽകി; ഇതിനായി എത്ര രൂപ ചെലവഴിച്ചു; ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

## ഹിൽ ഏരിയ വികസന ഏജൻസി നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ

3007. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഹിൽ ഏരിയ വികസന ഏജൻസി പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര കുടിവെള്ള പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് എവിടെയെല്ലാമെന്നും ഓരോ പദ്ധതിക്കായി എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ പദ്ധതിയുടെയും നിലവിലുള്ള അവസ്ഥയെന്താണെന്ന് പറയാമോ ?

## ഹിൽ ഏരിയ ഡവലപ്മെന്റ് പദ്ധതി

3008. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, ചാലിയാർ പഞ്ചായത്തുകളിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണ് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പണി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(സി) 2014-15 വർഷത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; വിശദമാക്കുമോ?

## ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി

3009. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖാന്തിരം ഇടുക്കി ജില്ലയിലെ ഓരോ ബ്ലോക്കിനും 2011 മെയ് മുതൽ 2015 ഫെബ്രുവരി വരെ വിവിധ മരാമത്ത് പ്രവർത്തികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; ബ്ലോക്ക് തിരിച്ചുള്ള വിശദാംശം നൽകാമോ?

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ

3010. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 വർഷത്തിൽ വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടെ കീഴിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം തൊഴിലാളികൾക്ക് മുൻ വർഷങ്ങളേക്കാൾ കുറച്ചു മാത്രമേ തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിലുറപ്പ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായ നിബന്ധനകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

## ഇന്ദിര ആവാസ് യോജന

3011. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങളും 2014-15 വർഷത്തെ ആകെ ഗുണഭോക്താക്കളുടെ എണ്ണം ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര ശതമാനം വീതമാണെന്ന് പറയാമോ;

(സി) ഫണ്ട് വിഹിതം നൽകുന്നതിൽ സംസ്ഥാന സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്നും എത്ര കാലത്തെ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ?

## ഗ്രാമീണ റോഡ് വികസനം

3012. **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**

**,,** അൻവർ സാദത്ത്

**,,** പാലോട് രവി

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡ് വികസനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ ;

(ബി) വികസനത്തിന് വേണ്ടി പ്രയോജനപ്പെടുത്തിയ കേന്ദ്ര പദ്ധതികൾ വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഇന്ദിരാ ആവാസ് യോജന</u>

3013. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് ഇപ്പോൾ നൽകിവരുന്ന ധനസഹായവും പരിധിയും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വീടിന്റെ ചുറ്റളവും ധനസഹായ പരിധിയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ?

<u>ഗ്രാമീണ റോഡ് വികസനം</u>

3014. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന പദ്ധതിയിൽ റോഡുകൾക്ക് പണം അനുവദിച്ചതിന് മിനിമം തുക നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ; ഇത്തരം റോഡുകൾക്ക് മിനിമം വീതി പറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) റോഡുകൾക്ക് വീതി നിബന്ധന വച്ചിരിക്കുന്നതിനാലും മിനിമം രൂപയുടെ പ്രവൃത്തി വേണം എന്നു നിഷ്കർഷിച്ചതിനാലും മലയോര ഗ്രാമീണ മേഖലയിലെ റോഡുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദി ക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എം. പി., എം. എൽ. എ. ഫണ്ടുകളുടെ വിനിയോഗത്തിന് റോഡുകളുടെ വീതിയോ

അനുവദിക്കുന്ന തുകയോ സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഒരു ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനിൽ എത്ര ഗ്രാമപഞ്ചായത്ത് വാർഡുകളാണ് ഉൾപ്പെടുക; ഇപ്പോൾ റോഡുകൾക്ക് നൽകിയിട്ടുള്ള നിബന്ധനകൾ മാറ്റി റോഡുകളുടെ വീതി പരിഗണിക്കാതെ മിനിമം തുക ഒരു ലക്ഷമാക്കി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി ഉത്തരവ് നൽകുമോ?

<u>സ്വരാജ് ട്രോഫി</u>

3015. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം ബ്ലോക്ക്,ഗ്രാമപഞ്ചായത്തുകളാണ് സ്വരാജ് ട്രോഫി അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) സ്വരാജ് ട്രോഫി അവാർഡിന് ബ്ലോക്ക്,ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) അവാർഡ് നിർണ്ണയ സമിതിയിൽ അംഗങ്ങളായിട്ടുള്ളത് ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ വർഷം അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടതായി അറിയിപ്പ് നൽകിയ ഏതെങ്കിലും ബ്ലോക്ക് പഞ്ചായത്തിനെ പിന്നീട് അവാർഡിന് പരിഗണിക്കാതെ ഒഴിവാക്കിയതായി അറിയിപ്പ് നൽകിയിരുന്നോ എന്ന് അറിയിക്കുമോ;

(ഇ) എങ്കിൽ ഇങ്ങനെ ഒഴിവാക്കിയത് ആരുടെ നിർദ്ദേശപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) അവാർഡ് നൽകുന്നതിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തിനെ ഒഴിവാക്കാൻ ആരെങ്കിലും പരാതി സമർപ്പിച്ചിരുന്നോ; എങ്കിൽ പരാതിക്കാരന്റെ പേരും മേൽവിലാസവും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിന് അവാർഡ് നൽകാൻ തീരുമാനിച്ച ദിവസം തന്നെ സ്വരാജ് ട്രോഫി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

3016. ശ്രീ.സി.ദിവാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.രാജു

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽ സാദ്ധ്യതയുള്ള മേഖലകളെ തൊഴിലുറപ്പ് പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളെയാണ് ഇപ്രകാരം ഒഴിവാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) കയർ, ഖാദി, ക്ഷീര വികസനം, പരമ്പരാഗത തൊഴിൽ മേഖല എന്നിവയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടിയാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>സംയോജിത നീർത്തട വികസനപദ്ധതി</u>

3017. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾ മുഖാന്തിരം തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്ന സംയോജിത നീർത്തട വികസന പദ്ധതിയുടെ (IWMP) പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിലയിരുത്താറുണ്ടോ ; വിശദമാക്കുമോ;

(ബി) പദ്ധതി ഫലപ്രദമായി നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ ഒരു ഉദ്യോഗസ്ഥൻ (VEO) തന്നെ ഒന്നിലേറെ വാട്ടർഷെഡുകളുടെ (ചില സർക്കിളുകളിൽ 8 എണ്ണത്തിൽ വരെ) സെക്രട്ടറിയായി പ്രവർത്തിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ വി.ഇ.ഒ യ്ക്ക് ജോലിഭാരം കൂടിയത് കൊണ്ടാണ് പദ്ധതിയുടെ വേഗത കുറഞ്ഞത് എന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഒരു വാട്ടർഷെഡിന് ഒരു സെക്രട്ടറി എന്ന നിലയിൽ മറ്റ് ഉദ്യോഗസ്ഥരെ കൂടി ഈ പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ ?

## പരിശീലന പരിപാടികളിലെ ഗസ്റ്റ് ഫാക്കൽറ്റീസിന്റെ ഓണറേറിയം

3018. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് സംഘടിപ്പിക്കുന്ന ഹ്രസ്വകാല പരിശീലനങ്ങളിൽ പങ്കെടുക്കുന്ന പരിശീലനാർത്ഥികൾക്ക് ഭക്ഷണച്ചെലവിനായി നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ്; പ്രസ്തുത തുക നിജപ്പെടുത്തി ഉത്തരവായത് എന്നാണ്എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പരിശീലന പരിപാടികളിൽ ഗസ്റ്റ് ഫാക്കൽറ്റീസിന് നൽകിവരുന്ന ഓണറേറിയം തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത തുകകൾ നിജപ്പെടുത്തി ഉത്തരവായത് എന്നാണ്;

(ഡി) പ്രസ്തുത തുക കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## മേച്ചിറ- കനാൽബണ്ട് റോഡിന്റെ നവീകരണം

3019. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡെവലപ്പ്മെന്റ് ഏജൻസി, നബാർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ച ആർ. ഐ. ഡി. എഫ് റോഡ് പ്രോജക്ടുകളിൽ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ മേച്ചിറ-കനാൽബണ്ട് റോഡിന്റെ നവീകരണത്തിന് ഇനിയും അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിന്റെ നിർമ്മാണ അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ, തടസ്സങ്ങൾ നീക്കി, റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

## സഹ്യശ്രീ പദ്ധതി

3020. ശ്രീ.സി.മമ്മൂട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി

,, പി.ഉബൈദുള്ള

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതിയായ സഹ്യശ്രീയുടെ പ്രവർത്തനവും പ്രയോജനവും വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) എത്ര സ്വയം സഹായ സംഘങ്ങളെ ഈ പദ്ധതിയുടെ പ്രയോജകരാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ പേരെ ഈ പദ്ധതിയുടെ പ്രയോജന പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

## കണ്ണൂർ ജില്ലയിലെ പി എം ജി എസ് വൈ റോഡുകൾ

3021. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ പി എം ജി എസ് വൈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുകയുടെ ഭരണാനുമതി നില്കിയിട്ടുണ്ടെന്നും റോഡുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) പദ്ധതി പ്രകാരം 2014-15 വർഷം കണ്ണൂർ ജില്ലയിലെ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി നൽകിട്ടുണ്ടെന്നും, ഭരണാനുമതി നൽകാൻ ബാക്കിയുള്ള എത്ര റോഡുകളുടെ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി

3022. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 2011-12,2012-13, 2013-14, 2014-15 കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ നൽകുമോ?

പുനലൂർ നിയോജകമണ്ഡലത്തിൽ പി.എം.ജി. എസ്.വൈ. പദ്ധതി

3023. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പുനലൂർ നിയോജകമണ്ഡലത്തിൽ പി.എം.ജി. എസ്.വൈ. പദ്ധതിപ്രകാരം ഏതൊക്കെ റോഡുകളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തതെന്നും അവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക, പ്രവർത്തനങ്ങളുടെ നാളിതുവരെയുള്ള പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ബ്ലോക്ക് പഞ്ചായത്ത് / ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസുകളിൽ ക്ലറിക്കൽ തസ്തിക

3024. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടന്റ് തസ്തിക അനുവദിക്കുന്നതുവരെ ബ്ലോക്ക് പഞ്ചായത്ത് / ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര ക്ലറിക്കൽ തസ്തികകളാണ് ഉണ്ടായിരുന്നത് ; അവ ഏതെല്ലാം ;

(ബി) സീനിയർ ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടാണോ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചത് ; ഇതുമൂലം എൽ.ഡി.സി., യു.ഡി.സി. തസ്തികകളിൽ കുറവു വന്നിട്ടുണ്ടോ ;

(സി) ബ്ലോക്ക് പഞ്ചായത്ത് / ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസുകളിൽ ഏതെല്ലാം ജോലികളാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) ക്ലറിക്കൽ തസ്തികയിൽ വന്ന കുറവുമൂലം മറ്റ് ജീവനക്കാർക്ക് ജോലിഭാരം കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സീനിയർ ക്ലർക്ക് തസ്തിക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഡിസ്ട്രിക് റൂറൽ റോഡ് പ്ലാൻ - കണ്ണൂർ ജില്ല

3025. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.-2 ന്റെ ഭാഗമായി ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവോ ;

(ബി) ഡി.ആർ.ആർ.പി. തയ്യാറാക്കിയെങ്കിൽ ആദ്യവർഷത്തേക്കുള്ള കണ്ണൂർ ജില്ലയിലെ 41 കി.മീ. റോഡിന്റെ മുൻഗണനാക്രമം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ?

## കാസർഗോഡ് അസംബ്ലി മണ്ഡലം - പി.എം.ജി.എസ്.വൈ. പദ്ധതി

3026. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കു ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം നിലവിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ച ഏതെല്ലാം റോഡുകളാണ് നിലവിലുള്ളത്; നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പുനരാരംഭിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ;

(ഡി) കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും റോഡ് ഹിൽ ഏരിയ ഡവെലപ്മെന്റ് ഏജൻസി പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി റോഡുകൾ

3027. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഏറ്റെടുത്തിരിക്കുന്ന റോഡുകൾ ഏതെല്ലാമെന്ന്

വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇതിൽ ഓരോ റോഡുകളുടെയും നിലവിലെ സ്ഥിതി എന്തെന്ന് വെളിപ്പെടുത്തുമോ?

## തൊഴിലുറപ്പ് പദ്ധതി

3028. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിക്ക് 2006-07 മുതൽ ഓരോ വർഷവും ലഭിച്ച തൊഴിൽ ദിനങ്ങൾ എത്ര;

(ബി) ഓരോ വർഷവും ലഭിച്ച കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) 2014-15 വർഷം വേതനം കൃത്യസമയത്ത് നല്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) 2014-15 വർഷത്തെ എത്ര ശതമാനം വേതനം ഇനി നൽകുവാനുണ്ട് എന്നും, ആയതിന് എന്ത് തുക വേണ്ടിവരുമെന്നും, എപ്പോൾ ലഭ്യമാക്കും എന്നും വ്യക്തമാക്കുമോ;

(ഇ) 2014-15 വർഷം എത്ര തൊഴിൽ ദിനം ലഭ്യമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതി ഫണ്ട് കുറയ്ക്കാൻ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ചു ലഭിക്കാനായി കേന്ദ്രത്തോട് എന്തൊക്കെ കാര്യങ്ങൾ ആവശ്യപ്പെട്ടു; വിശദാംശം ലഭ്യമാക്കുമോ?

## തൊഴിലുറപ്പ് പദ്ധതി

3029. **ശ്രീ.സി.കെ സദാശിവൻ**

**,, കെ.വി.വിജയദാസ്**

**,, കെ.കുഞ്ഞിരാമൻ (ഉദുമ)**

**,, എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ കണക്ക് പ്രകാരം 2013-14 ൽ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ നൽകുന്നതിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനം

കേരളമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ അവസ്ഥയിൽ സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി എത്തിപ്പെടാനുള്ള സാഹചര്യം എന്താണ് ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും പാളിച്ചകൾ കടന്നുകൂടി യിട്ടുണ്ടോ; എങ്കിൽ അത് തിരുത്താൻ തയ്യാറാകുമോ?

കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം

3030. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുതുതായി രൂപീകരിച്ച കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; പ്രസ്തുത കെട്ടിടനിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും; വ്യക്തമാക്കുമോ ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ നബാർഡ് പ്രവൃത്തികൾ

3031. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നബാർഡിന്റെ ധനസഹായത്തോടെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയ്ക്കും ഭരണാനുമതി നൽകിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) നബാർഡ് ധനസഹായത്തിനായി 2014-15 വർഷം തയ്യാറാക്കി അയച്ചിട്ടുള്ള പ്രൊപ്പോസലുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും ഇതിൽ അംഗീകാരം ലഭിച്ചിട്ടുള്ളത് ഏതിനെല്ലാമെന്നും വിശദമാക്കുമോ ?

തൊഴിലുറപ്പ് പദ്ധതി

3032. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014 വർഷത്തിൽ തൊഴിലുറപ്പ് മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതി കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനു ശ്രദ്ധിക്കുമോ;

(സി) തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; തൊഴിലാളികൾക്ക് കൂടുതൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുമോ;

(ഡി) പദ്ധതിയെക്കുറിച്ച് കൂടുതൽ പഠനം നടത്തുന്നതിന് വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

<u>കുട്ടനാട്ടിലെ പി. എം. ജി. എസ്. വൈ. (പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന) പദ്ധതി പ്രവൃത്തികൾ</u>

3033. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. (പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ടി പ്രവൃത്തികൾ ഏതൊക്കെ കരാറുകാർ ഏറ്റെടുത്തുവെന്ന് വിശദമാക്കുമോ;

(സി) കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾക്ക് അധികനിരക്ക് അനുവദിച്ച് റീ ടെണ്ടർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

3034. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ സംസ്ഥാനത്തെ ക്ഷീരകർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

## ഏ.ഡി.ബി, ലോകബാങ്ക് എന്നിവയുടെ സാമ്പത്തിക സഹായമുള്ള പദ്ധതികൾ

T 3035. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏ.ഡി.ബി, ലോകബാങ്ക്, മറ്റ് വിദേശ ഫണ്ടിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ സാമ്പത്തിക സഹായമുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ, പദ്ധതി തുക, ധനസഹായത്തിന്റെ വ്യവസ്ഥകൾ ,പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പുതിയ ഏതെങ്കിലും പദ്ധതികൾ ഈ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## സി-ഡിറ്റ്-വാടക കെട്ടിടങ്ങളുടെ വിവരം

3036. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടു വർഷത്തിനുള്ളിൽ സി-ഡിറ്റ് തിരുവനന്തപുരം നഗരത്തിൽ വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരവും വാടകയും കയറ്റിറക്ക്, നെറ്റ് വർക്ക്, ഫർണിഷിംഗ് എന്നിവയ്ക്ക് ഓരോ കെട്ടിടത്തിനും ചെലവായ തുകയുടെ വിവരങ്ങളും നൽകാമോ?

## നീതി ആയോഗ്

3037. **ശ്രീ.എം.എ.ബേബി**
**,,** സി.കൃഷ്ണൻ
**,,** കെ.സുരേഷ് കുറുപ്പ്
**,,** കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് കമ്മീഷനു പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന നീതി ആയോഗിന് യഥാസമയം അറിയിപ്പ ലഭിക്കാത്തതിനാൽ സംസ്ഥാനത്തിന്റെ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) നീതി ആയോഗിന്റെ ഘടന നിലവിലുള്ള സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനത്തെ പ്രതിലോമകരമായി ബാധിക്കുമോ ;എങ്കിൽ വിശദാംശം നൽകാമോ;

(സി) നീതി ആയോഗിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

## ത്രിതല പഞ്ചായത്തുകൾ വഴി നടപ്പാക്കിയ പദ്ധതികൾ

3038. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ത്രിതല പഞ്ചായത്തുകൾ വഴി എത്ര കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിന്റെ എത്ര ശതമാനം തുക ചെലവഴിച്ചു എന്നത് വിശദമാക്കാമോ;

(സി) 2014-15 വർഷത്തെ എസ്.സി.പി/ടി.എസ്.പി ഇനത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ചതിന്റെ വിശദാംശവും വ്യക്തമാക്കാമോ?

## സംസ്ഥാന പ്ലാൻ ഫണ്ട്

3039. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-2-2015 തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാന പ്ലാൻ ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വാർഷിക പ്ലാൻ ഫണ്ട് വിനിയോഗത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശം

28-2-2015ലെ കണക്ക് പ്രകാരം ലഭ്യമാക്കാമോ?

കേന്ദ്ര പദ്ധതികൾ വഴിയുള്ള സഹായം നേടിയെടുക്കുന്നതിൽ കേരളത്തിന് വീഴ്ച

3040. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പദ്ധതികൾ വഴിയുള്ള സഹായം വാങ്ങിയെടുക്കുന്നതിൽ കേരളത്തിന് വീഴ്ച പറ്റിയിട്ടുണ്ടോ ; വകുപ്പ് മന്ത്രിഈ രീതിയിൽ പ്രസ്താവന നടത്തിയിട്ടുണ്ടോ;

(ബി) എത്ര തുകയുടെ ഏതൊക്കെ പദ്ധതികളാണ് കേരളത്തിന് നഷ്ടമായതെന്ന് വിശദമാക്കാമോ; കാരണം വിശദമാക്കാമോ ;?

വിദ്യാഭ്യാസ വായ്പ പലിശയിളവ്

T 3041. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽനിന്ന് വിദ്യാഭ്യാസ വായ്പാ പലിശയിളവിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര അപേക്ഷകൾ ഇതുവരെ പരിഗണിച്ചു; എത്ര തുക പലിശ ഇളവായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പലിശയിളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിൽ ജില്ലയ്ക്ക് ഇനിയും ആവശ്യമായ തുക എത്രയാണ്;ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കൊട്ടാരക്കര മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കിയ പ്രവൃത്തികൾ

3042. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൊട്ടാരക്കര അസംബ്ലി മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 2013-14, 2014-15 വര്‍ഷങ്ങളില്‍ നബാര്‍ഡ് ധനസഹായത്തിനായി കൊല്ലം ജില്ലയില്‍ നിന്നും തയ്യാറാക്കി അയച്ചിരുന്ന പ്രൊപ്പോസലുകളുടെ വിശദാംശങ്ങളും അനുമതി ലഭിച്ചവയുടെ വിവരവും വെളിപ്പെടുത്തുമോ ?

<u>കേന്ദ്രാവിഷ്കൃത പദ്ധതികള്‍</u>

3043. **ശ്രീ.കോടിയേരി ബാലകൃഷ്ണന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നടപ്പ സാമ്പത്തികവര്‍ഷത്തില്‍ തലശ്ശേരി അസംബ്ലി മണ്ഡലത്തില്‍ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികള്‍ ഏതൊക്കെ പ്രദേശങ്ങളില്‍ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനായി ഓരോ പ്രവര്‍ത്തിക്കും എത്ര തുക വീതം നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

<u>**2015-16** ലെ കേന്ദ്ര ബജറ്റ്</u>

T 3044. **ശ്രീ.എം.എ.ബേബി**

**,,** എ.കെ.ബാലന്‍

**,,** എളമരം കരീം

**,,** സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2015-16 ലെ കേന്ദ്ര ബജറ്റ് സംസ്ഥാന സര്‍ക്കാരിന്റെ ആവശ്യങ്ങളിന്മേല്‍ എത്രത്തോള നീതിപുലര്‍ത്തിയിട്ടുണ്ട്

(ബി) സംസ്ഥാനം നിരന്തരമായി ആവശ്യപ്പെടുന്ന ഏതെങ്കിലും കാര്യത്തില്‍ അനുകൂല തീരുമാനം ബജറ്റില്‍ ഉണ്ടായിട്ടുണ്ടോ; സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് ബജറ്റില്‍ അവഗണിക്കപ്പെട്ടിരിക്കുന്നത്;

(സി) ബജറ്റിവിഹിതത്തിന്മേല്‍ സംസ്ഥാന സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ

(ഡി) കേരളത്തോടുള്ള അവഗണനയില്‍ കേന്ദ്രസര്‍ക്കാരിന്റെ ശ്രദ്ധ ക്ഷണിയ്ക്കാന്‍ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>**2015-16-**ലെ കേന്ദ്രബജറ്റ് വിലയിരുത്തല്‍</u>

T 3045. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, സി.രവീന്ദ്രനാഥ്

,, കെ.സുരേഷ് കുറുപ്പ്

ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രശ്നങ്ങളുടെയും പരിഹാര നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2015-16 ലെ കേന്ദ്രബജറ്റിനെ വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) കേന്ദ്രബജറ്റിലെ സംസ്ഥാനത്തിനുള്ള പദ്ധതി അടങ്കലുകളുടെ ബജറ്റ് എസ്റ്റിമേറ്റുകളെ സംബന്ധിച്ച് വിശദമാക്കാമോ; ഇത് മുൻവർഷത്തതിനേക്കാൾ എത്ര ശതമാനം കൂട്ടുകയോ കുറയുകയോ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിലവിലുള്ള ഏതെല്ലാം പദ്ധതികൾക്ക് തുക കൂടുതൽ വകയിരുത്തപ്പെട്ടിട്ടുണ്ട്; കൂടുതലായി നീക്കിവച്ചിട്ടില്ലാത്തവ ഏതൊക്കെ; വിശദമാക്കാമോ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന് ലഭിക്കാവുന്ന രാസവളം, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവയ്ക്കുള്ള സബ്സിഡികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ഇ) ബജറ്റിലൂടെ കേന്ദ്രത്തിൽ നിന്നും വിവിധ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിന്റെ വരുമാന മാർഗ്ഗങ്ങൾ വിശദമാക്കാമോ; എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു;

(എഫ്) യു.പി.എ. സർക്കാരും എൻ.ഡി.എ. സർക്കാരും ബജറ്റിൽ സ്വീകരിച്ച സാമ്പത്തിക നയസമീപനങ്ങളിൽ എന്തെങ്കിലും വ്യത്യാസം ഉള്ളതായി കരുതുന്നുണ്ടോ?

## കേരള പരിപ്രേക്ഷ്യ പദ്ധതി 2030

3046. ശ്രീ.ലൂഡി ലൂയിസ്

,, സണ്ണി ജോസഫ്

,, ഡൊമിനിക് പ്രസന്റേഷൻ

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും

വ്യകതമാക്കമോ;

(സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

<u>പാൽ ഉല്പാദനം</u>

3047. ശ്രീ.പി.സി വിഷ്ണുനാഥ്

,, കെ.ശിവദാസൻ നായർ

,, അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം</u>

3048. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരസംഘം ജീവനക്കാരുടെ വേതനത്തിൻറെ ഘടന തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടത്തിയത് എന്നാണ് ;

(സി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി നടപടികൾ സ്വീകരിക്കുമോ ?

<u>ക്ഷീരഗ്രാമ പദ്ധതി</u>

3049. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, ജോസഫ് വാഴയ്ക്കൻ
,, ബെന്നി ബെഹനാൻ
,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ക്ഷീരഗ്രാമ 'പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ആരംഭിക്കാത്ത സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;വിശദമാക്കുമോ?

<u>ക്ഷീരോത്പാദന രംഗത്ത് സ്വയംപര്യാപ്തത</u>

3050. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോത്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിയ്ക്കുന്നതിനായി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പാലിന്റെ വില വർദ്ധിപ്പിച്ചാലും വർദ്ധനവിന്റെ പൂർണ്ണമായ ഫലം ക്ഷീരകർഷകർക്ക് ലഭിയ്ക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭിയ്ക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പാലിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് പുതിയതായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ക്ഷീര കാർഷിക രംഗത്തേയ്ക്ക് കൂടുതൽപേരെ ആകർഷിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ ?

## ഇ-ലൈബ്രറികൾ

3051. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വികാസം സാംസ്കാരിക മേഖലയിൽ വേണ്ടത്ര തരത്തിൽ സ്വാധീനിച്ചിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ വികാസം സാംസ്കാരിക മേഖലയിൽ കൂടുതൽ സജ്ജീവമാക്കുന്നതിന് ഇ-ലൈബ്രറികൾ ജില്ലാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇ-ലൈബ്രറികൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ?

## കലാകാര പെൻഷൻ

3052. **ശ്രീ.എ.എ.അസീസ്**
**,, കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ ലഭിക്കുന്ന്തിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

## നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം

3053. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. വയലാർ വാസുദേവൻ പിള്ള സ്മാരകത്തിന്റെ ഭാഗമായിട്ടുള്ള നാടക പഠന ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകുന്ന കാര്യം പരിഗണിക്കുമോ ?

## കേരള കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

3054. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ടി.വി. സീരിയലുകൾക്ക് സെൻസറിംഗ്

3055. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കുവാൻ സാംസ്കാരിക ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ടി.വി. സീരിയലുകൾക്ക് സെൻസറിംഗ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

## മലയാള ഭാഷാ വികസനവുമായി ബന്ധപ്പെട്ട പരിപാടികൾ

3056. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ശ്രേഷ്ഠഭാഷാ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഭാഷാ വികസനത്തിനായി നാളിതുവരെ എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട് എന്ന വിവരം വിശദമാക്കുമോ;

(ബി) അനുബന്ധ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ഏതെല്ലാമിനത്തിൽ ചെലവിട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

## പൈതൃക മ്യൂസിയം

3057. **ശ്രീ.സണ്ണി ജോസഫ്**

**,,** എം.പി.വിൻസെൻറ്

**,,** ലൂഡി ലൂയിസ്

**,,** എ.ടി.ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ;

(സി) ആരുടെയെല്ലാം സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(ഡി) ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കലാകാര പെൻഷൻ

3058. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ നൽകുന്നതിനു ഒരുമാസത്തേക്ക് എത്ര തുക വേണ്ടിവരുമെന്നു അറിയിക്കാമോ?

## കലാകാര പെൻഷൻ

3059. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗങ്ങളിലുള്ളവർക്കാണ് കലാകാര പെൻഷൻ നൽകുന്നതെന്നു വ്യക്തമാക്കുമോ;

## ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം

3060. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം മലയാളം സർവ്വകലാശാലയുടെ പഠനകേന്ദ്രമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ കുഞ്ചൻ സ്മാരകത്തിൽ എന്തെല്ലാം കോഴ്സുകൾ നടത്തിവരുന്നു; ഏതു

സർവ്വകലാശാലയുമായാണ് അഫിലിയേഷൻ നടത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) കുഞ്ചൻ സ്മാരകത്തെ മലയാളം സർവ്വകലാശാലയുടെ പഠനകേന്ദ്രമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

<u>തലശ്ശേരി കോട്ടയിലെ പീരങ്കിയുടെ സംരക്ഷണം</u>

3061. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കോട്ടയിൽ നിന്ന് ലഭ്യമായ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പീരങ്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

<u>കൊടക്കാട് ഫോക്ലോർ വില്ലേജ്</u>

3062. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നർത്തകരത്നം കണ്ണൻ പെരുവണ്ണാന്റെ സ്മരണയിൽ കൊടക്കാട് കേന്ദ്രീകരിച്ച് ഫോക്ലോർ വില്ലേജ് ആരംഭിക്കുന്നതിന്നുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണത്തിന് തിരഞ്ഞെടുത്ത കൃതികൾ</u>

3063. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് അംഗീകാരം നൽകിയതും പ്രസിദ്ധീകരണത്തിന് തിരഞ്ഞെടുത്തതുമായ എത്ര കൃതികളാണ് ഇതുകാലമായി പ്രസിദ്ധീകരിക്കാതെ വച്ചിട്ടുള്ളത് എന്നു പറയാമോ; എന്തുകൊണ്ടാണ് ഈ കൃതികൾ തെരഞ്ഞെടുത്തിട്ടും പ്രസിദ്ധീകരിക്കാത്തത് എന്നു പറയാമോ;

(ബി) സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണ യോഗ്യമെന്ന് കണ്ട് പ്രസിദ്ധീകരിക്കുവാൻ തെരഞ്ഞെടുത്ത കൃതികൾ യഥാസമയം പ്രസിദ്ധീകരിക്കാത്തതു മൂലം ഗ്രന്ഥകർത്താക്കൾക്ക് ഉണ്ടാകാവുന്ന നഷ്ടം ഏതു വിധത്തിലാണ് പരിഹരിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നഷ്ട പരിഹാരം നൽകിയ എത്ര കേസുകൾ ഉണ്ടെന്നും ഇതിനായി എത്ര തുക നൽകേണ്ടി വന്നുവെന്നും വിശദമാക്കുമോ?

<u>മാവേലിക്കര മണ്ഡലത്തിൽ ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിന്</u>

3064. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ബുദ്ധസ്മാരകം നിലകൊള്ളുന്ന പ്രദേശം മുതൽ മിച്ചൽ ജംഗ്ഷൻ വരെയുള്ള ഭാഗം ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ബുദ്ധ ജംഗ്ഷൻ- ശ്രീകൃഷ്ണ സ്വാമി ക്ഷേത്ര റോഡിൽ ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിനും, ബുദ്ധ സ്തൂപത്തിനു ചുറ്റും പൂന്തോട്ടം നിർമ്മിച്ച് മനോഹരമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ?

<u>അമ്പലപ്പുഴ സഹോദരൻമാർക്ക് സ്മാരകം</u>

3065. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അമ്പലപ്പുഴ സഹോദരൻമാർ' എന്നറിയപ്പെടുന്ന നാദസ്വര വിദ്വാൻമാർക്ക് സ്മാരകം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ആറ്റിങ്ങൽ കൊട്ടാരങ്ങളുടെ നവീകരണം</u>

3066. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്തെ ഏതെല്ലാം കൊട്ടാരങ്ങൾ നവീകരിക്കാൻ തുക അനുവദിച്ചിട്ടുണ്ടെന്നും നവീകരണ പ്രവർത്തനത്തിന്റെ മേൽനോട്ടം ഏത് ഏജൻസിക്കാണെന്നും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രവൃത്തി എന്നു പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

## സർക്കാർ ദിനപത്രം ആരംഭിക്കുന്നത്

3067. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ദിനപത്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ദിനപത്രം ആരംഭിക്കേണ്ടതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(ബി) പത്രം ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

## മൂശാരികോവിൽ ശിൽപ പൈതൃക ഗ്രാമം

3068. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലത്തെ മൂശാരികോവിൽ ശിൽപ പൈതൃക ഗ്രാമമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി ലളിതകലാ അക്കാദമി എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

## പഞ്ചവാദ്യകുലപതി കുഴൂർ നാരായണമാരാർക്ക് സ്മാരകമായി വാദ്യകലാ കേന്ദ്രം

3069. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവാദ്യകുലപതി പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മാരകമായി കൊരട്ടി ഗ്രാമപഞ്ചായത്തിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നതിനായി കുഴൂർ നാരായണമാരാർ ഫൌണ്ടേഷന്റെ നേതൃത്വത്തിൽ സ്ഥലം ലഭ്യമാക്കുമെന്ന ഉറപ്പ് ലഭിച്ച സാഹചര്യത്തിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നതിനായി അനുമതി

നൽകുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ പേരിൽ പഞ്ചവാദ്യ കലാകാരന്മാർക്ക് പ്രത്യേകമായി പുരസ്കാരം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്, സർക്കാർ കേരള കലാമണ്ഡലത്തിന് നൽകിയ നിർദ്ദേശം നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടികൾ കലാമണ്ഡലമോ, സർക്കാരോ തുടർന്ന് സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(സി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

## സപ്തസ്വരകേന്ദ്രം

3070. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്തഭാഷാസംഗമഭൂമിയായ കാസർഗോട്ടെ വിവിധ ജനവിഭാഗങ്ങളെയും സംസ്കാരങ്ങളെയും സമന്വയിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച സപ്തസ്വരകേന്ദ്രവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

## കരുമാടിക്കുട്ടൻ സ്മാരകം

3071. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുമാടിക്കുട്ടൻ സ്മാരകം ആരുടെ നിർദ്ദേശപ്രകാരമാണ് പുനരുദ്ധരിച്ചത്; പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായോ എന്നും എത്ര തുക അതിനായി ചെലവായിയെന്നും വ്യക്തമാക്കാമോ;

(ബി) കരുമാടിക്കുട്ടൻ സ്മാരകവും പരിസരവും സൗന്ദര്യവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പൈതൃകനിർമ്മിതികൾ

3072. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശേഷിക്കുന്ന പൈതൃകനിർമ്മിതികളെ കണ്ടെത്തി സംരക്ഷിക്കുകയും വരുംതലമുറകൾക്ക് കൈമാറുകയും ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

## അവശകലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ

3073. ശ്രീ.ടി.വി.രാജേഷ്

,, പുരുഷൻ കടലുണ്ടി

,, ആർ. രാജേഷ്

,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടെങ്കിൽ അവ എന്നത്തേക്കു പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) അവശകലാകാരന്മാർക്ക് നൽകി വരുന്ന ഏതെങ്കിലും പെൻഷനുകൾ നിർത്തലാക്കാൻഉദ്ദേശമുണ്ടോ?

## സൈബർ ദർശൻ പദ്ധതി

3074. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, പി.എ.മാധവൻ

,, ഷാഫി പറമ്പിൽ

,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി-ഡിറ്റ് 'സൈബർ ദർശൻ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) സൈബർ സുരക്ഷാ ബോധവൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ?

## വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾ

3075. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, വി.എം.ഉമ്മർ മാസ്റ്റർ

,, എൻ .എ.നെല്ലിക്കുന്ന്

,, സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ വിവരങ്ങൾ ശേഖരിക്കാനും, വിശകലനം ചെയ്യാനും നിർദ്ദേശം നല്കുമോ;

(സി) മാലി, പാക്കിസ്ഥാൻ എന്നിവിടങ്ങളിൽ തടവിലുള്ള മലയാളികളുടെ എണ്ണം വ്യക്തമാക്കുമോ; തടവിലാകാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ?

## പ്രവാസിക്ഷേമ പദ്ധതികൾ

3076. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ പ്രവാസിക്ഷേമ പദ്ധതികൾ പ്രചരിപ്പിക്കാനും പദ്ധതിയിൽ കൂടുതൽ പേരെ അംഗങ്ങളാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വിദേശ രാജ്യങ്ങളിൽ നോർക്കയുടെ ഹെൽപ്പ് ഡസ്കുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; പുതുതായി എവിടെയെല്ലാം ആരംഭിക്കാനുണ്ട്; അതുവഴി എന്തെല്ലാം സേവനങ്ങൾ ഇപ്പോൾ നൽകിവരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രവാസികൾക്കുള്ള ഇൻഷുറൻസ് ആനുകൂല്യം അപകട മരണങ്ങൾക്കുപുറമെ സ്വാഭാവിക മരണങ്ങൾക്കുകൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ?

## ജി.സി.സി. രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുടെ സേവനം

3077. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ മലയാളികൾ ജോലി ചെയ്യുന്ന ജി.സി.സി. രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ നിന്നും അവരർഹിക്കുന്ന തരത്തിലുള്ള സേവനങ്ങൾ പലപ്പോഴും ലഭിക്കുന്നില്ലെന്ന പരാതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പലതരത്തിലുള്ള നിയമക്കുരുക്കിൽപ്പെട്ട് എംബസികളുടെ സേവനം ആവശ്യമാകുന്ന മലയാളികളുടെ സേവനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളായി എംബസികളിൽ ജീവനക്കാരെ നിയമിക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

<u>ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനുള്ള പദ്ധതി</u>

3078. ശ്രീ.എം.പി.വിൻസെന്റ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി</u>

3079. ശ്രീ.ടി.എൻ. പ്രതാപൻ

,, വി.പി.സജീന്ദ്രൻ

,, എം.എ. വാഹീദ്

,, എം.പി.വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭത്തിനായി വായ്പകൾ

നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പ്രവാസി വനിതകൾ

3080. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ ജോലിയെടുക്കുന്ന കേരളീയ വനിതകൾ എത്ര പേരുണ്ടെന്ന കണക്ക് ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ലഭ്യമല്ലെങ്കിൽ ഇത്തരത്തിൽ ഒരു കണക്ക് തയ്യാറാക്കുന്നതിനും പ്രവാസി വനിതകളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## പ്രവാസി മലയാളികൾ

3081. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര മലയാളികളാണ് ഗൾഫ്/മറ്റ് വിദേശ രാജ്യങ്ങളിൽ ജോലികളിലേർപ്പെട്ടിട്ടുള്ളത്; ഗൾഫ്/മറ്റ് വിദേശരാജ്യങ്ങൾ തരം തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ ഏറ്റവും കൂടുതൽ മലയാളികൾ ഉള്ള ഗൾഫ് രാജ്യമേതെന്നും വിദേശരാജ്യമേതെന്നും വ്യക്തമാക്കുമോ;

(ബി) 2013-14 , 2014-15 സാമ്പത്തിക വർഷങ്ങളിൽ പ്രവാസി മലയാളികൾ കേരളത്തിലേയ്ക്ക് അയച്ചത് എത്ര കോടി രൂപയാണ്എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ഗർഫ് രാജ്യങ്ങളിലാണ് "നിതാഖത്" നിയമം നടപ്പിൽ വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) 'നിതാഖത്' നിയമം നടപ്പിലാക്കിയതുമൂലം തിരിച്ചെത്തിയവരെ സഹായിക്കാനായി എന്തെല്ലാം കേന്ദ്ര/സംസ്ഥാന സഹായം ലഭ്യമാക്കി; നാളിതുവരെ എന്തു തുക വകയിരുത്തി; ആയതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു; ഇതിലൂടെ എത്ര

പേർക്ക് പ്രയോജനം ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഇ) നിലവിൽ എത്ര പ്രവാസി മലയാളികൾ ഗൾഫ്/മറ്റ് വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്നു; ഇവരെ നാട്ടിലെത്തിക്കാൻ എന്തു നടപടി സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

<u>നോർക്ക - റൂട്ട്സ് വഴി നൽകിവരുന്ന സേവനങ്ങൾ</u>

3082. ശ്രീ.സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് നോർക്ക - റൂട്ട്സ് വഴി നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എംബസികളെയും പ്രവാസി സംഘടനകളെയും യോജിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(സി) പാസ്പോർട്ട് പുതുക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിൽ എത്തുന്ന പ്രവാസികൾക്ക് മികച്ച സേവനം ഉറപ്പ് വരുത്തുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>നിതാഖത്ത് - പ്രവാസി പുനരധിവാസ പദ്ധതി</u>

3083. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത്തിന്റെ ഭാഗമായി തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനുള്ള പദ്ധതിയിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ നേരിട്ടുള്ള ധനസഹായമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) എന്നു മുതലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്; എത്ര പേർ അപേക്ഷ നൽകി; എത്ര പേർക്ക് പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിച്ചു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) തെരഞ്ഞെടുക്കപ്പെട്ടവരിൽ എത്ര പേർക്ക് ധനകാര്യ സ്ഥാപനങ്ങൾ വഴി പദ്ധതിപ്രകാരമുള്ള ധനസഹായം അനുവദിച്ചു; ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണവും ധനസഹായം നൽകിയ സ്ഥാപനങ്ങളുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) തെരഞ്ഞെടുക്കപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ എത്ര രൂപയുടെ ധനസഹായം നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

## പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ്

3084. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് എന്ന പേരിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൻ കീഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള ധനസഹായം എവിടെ നിന്നെല്ലാം ലഭിക്കുമെന്നും സബ് സിഡിയുടെയും തിരിച്ചടവുകളുടെയും വിശദാംശങ്ങളും ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 2013-14 സാമ്പത്തിക വർഷം നീക്കിവച്ച തുക എത്രയെന്നും ഇതിൽ എത്ര ചെലവഴിക്കപ്പെട്ടുവെന്നും എത്രപേർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് നാളിതുവരെ സഹായം നൽകിയെന്നും വ്യക്തമാക്കുമോ?

## തിരിച്ചെത്തിയ പ്രവാസികൾക്കായി പുനരധിവാസ പദ്ധതികൾ

3085. ശ്രീ.എം.എ.ബേബി
,, എളമരം കരീം
,, കെ.വി.അബ്ദുൾ ഖാദർ
,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമത്തെ തുടർന്ന് സൗദി അറേബ്യയിൽ നിന്നും തിരിച്ചെത്തിയ പ്രവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരിച്ചെത്തിയ പ്രവാസികൾക്കായി സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) ആഗോള പ്രവാസി മലയാളി സംഗമത്തിൽ ഇവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച്

എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ;വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തേക്ക് ഇത്തരത്തിൽ തിരിച്ചെത്തിയവരുടെ കണക്കുകൾ ലഭ്യമാണോ;

(ഇ) ഇതിൽ പുനരധിവാസ പാക്കേജ് പ്രകാരം സഹായം ലഭിച്ചവരുടെ കണക്കുകൾ വ്യക്തമാക്കുമോ ?

## പ്രവാസികൾക്ക് വായ്പ

3086. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക്, നോർക്ക മുഖേന അപേക്ഷ സ്വീകരിച്ച് ബാങ്ക് വായ്പയിലൂടെ ടാക്സി വാഹനങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ബാങ്കുകൾ ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസികളുടെ ബാങ്ക് നിക്ഷേപത്തിന് നൽകുന്ന പലിശ നിരക്കാണോ പ്രവാസികളുടെ വായ്പകൾക്കും നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവാസികൾക്ക് പലിശ രഹിതമോ കുറഞ്ഞ നിരക്കിലോ ഉള്ള വായ്പ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസികൾ

3087. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാരാളം പ്രവാസികൾ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ കണക്കുകൾ സംസ്ഥാന സർക്കാരിന് ലഭ്യമാണോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു വിവരശേഖരണത്തിന് തയ്യാറാകുമോ;

(സി) ജയിലുകളിൽ കഴിയുന്ന സംസ്ഥാനത്തെ പ്രവാസികളിൽ, മോചനം അർഹിക്കുന്ന കേസുകളിൽ അടിയന്തര ഇടപെടലുകൾ നടത്തുന്നതിനും ശിക്ഷാകാലാവധി കഴിഞ്ഞവരെ നാട്ടിലെത്തിക്കുന്നതിനും സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്;

(ഡി) വിദേശജയിലുകളിൽ കഴിയുന്ന സംസ്ഥാനത്തെ പ്രവാസികളെ മോചിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു പദ്ധതിയ്ക്ക് രൂപം നൽകുമോ?

## നീര ഉല്പാദനത്തിന് ലൈസൻസ്

3088. ശ്രീ.എ.കെ.ബാലൻ

,, ഇ.പി.ജയരാജൻ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദനത്തിന് ലൈസൻസ് നൽകുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണ്;

(ബി) ഇത് സംബന്ധിച്ച് അവ്യക്തതകൾ നിലനില്ക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) കേര കർഷകർ ചേർന്ന രൂപികരിച്ചിട്ടുള്ള ഫെഡറേഷനുകൾ നീര ബോർഡിൽ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ടോ ; ലൈസൻസ് നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ലൈസൻസിനായി പ്രസ്തുത ഫെഡറേഷൻ നീര ബോർഡിന് അല്ലാതെ മറ്റ് ഏതെങ്കിലും ഏജൻസിക്ക് അപേക്ഷ നൽകേണ്ടതുണ്ടോ ;

(ഇ) ലൈസൻസ് നല്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ?

## വർഷകാല നാശനഷ്ടങ്ങൾ

3089. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് വർഷകാലങ്ങളിൽ കവിഞ്ഞൊഴുകി വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനു, ഈ ജലം പ്രസ്തുത പഞ്ചായത്തുകളിലെ ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമായി കപ്പത്തോട്ടിലെ കുളവാഴകൾ നീക്കം ചെയ്ത് ആഴം കൂട്ടി വശങ്ങൾ കെട്ടിസംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും സമർപ്പിക്കുന്നതിനായി കെ.എൽ .ഡി.സി യോടു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ കെ.എൽ.ഡി.സി സ്വീകരിച്ചിട്ടുണ്ടോ;

(സി) അടിയന്തിരമായ റിപ്പോർട്ടു സമർപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ചേർത്തല മണ്ഡലത്തിലെ കർഷകരുടെ കർഷക കടാശ്വാസ അപേക്ഷ</u>

3090. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകിയിരുന്ന ചേർത്തല മണ്ഡലത്തിലെ എത്ര കർഷകർക്ക് ഈ സർക്കാർ കാലയളവിൽ സാമ്പത്തിക ആനുകൂല്യം ലഭിച്ചുവെന്നും എത്ര തുകയാണ് ലഭിച്ചതെന്നും പറയാമോ ;

(ബി) എത്ര കർഷകരുടെ കടം പൂർണ്ണമായും എഴുതിത്തള്ളിയെന്നു വ്യക്തമാക്കാമോ ; ഏതെല്ലാം ബാങ്കുകളുമായി ബന്ധപ്പെട്ട വായ്പകളായിരുന്നുവെന്നും ഓരോ ബാങ്കുകളും എത്ര തുക വീതമാണ് നൽകിയതെന്നും വിശദമാക്കാമോ ?

<u>സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ പദ്ധതി</u>

3091. **ശ്രീ.ബെന്നി ബെഹനാൻ**

**,,** എ.റ്റി.ജോർജ്

**,,** ഹൈബി ഈഡൻ

**,,** കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ജൈവ കാർഷിക മണ്ഡലം എന്ന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ;

<u>പഞ്ചായത്തുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി</u>

3092. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷമയമായ പച്ചക്കറി, മായം ചേർത്ത ഭക്ഷ്യ വസ്തുക്കൾ മറ്റും ഉപയോഗിക്കുന്നതുമൂലം കാൻസർ, കിഡ്നി രോഗങ്ങൾ, മറ്റ് രോഗങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് പഞ്ചായത്തുകൾ തോറും ഓരോ വാർഡിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും വാർഡുകൾ തോറും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>'സഹസ്രസരോവരം' പദ്ധതി</u>

3093. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സഹസ്രസരോവരം' പദ്ധതി പ്രകാരം എത്ര കുളങ്ങൾ ഏതൊക്കെ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും, ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

<u>വി.എഫ്.പി.സി.കെ മുഖേന സംഭരിച്ച പച്ചക്കറി</u>

3094. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എഫ്.പി.സി.കെ മുഖേന സംസ്ഥാനത്ത് എത്ര രൂപയുടെ, എത്ര ടൺ പച്ചക്കറി വിൽപന നടത്തി; കഴിഞ്ഞ വർഷത്തെ കണക്ക് വ്യക്തമാക്കുമോ;

(ബി) വി.എഫ്.പി.സി.കെ വിൽപന നടത്തിയ പച്ചക്കറിയിൽ കേരളത്തിൽ നിന്നും സംഭരിച്ച പച്ചക്കറി ഉണ്ടോ; എങ്കിൽ എത്ര ടൺ പച്ചക്കറി സംസ്ഥാനത്ത് നിന്ന് സംഭരിച്ചു; സംഭരിച്ച സ്ഥലവും, അളവും, നൽകിയ വിലയും, കഴിഞ്ഞ മൂന്നുവർഷത്തെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇതേ കാലയളവിൽ വി.എഫ്.പി.സി.കെ എത്ര ടൺ പച്ചക്കറി അന്യസംസ്ഥാനത്തുനിന്നും സംഭരിച്ചിട്ടുണ്ട് ; സംഭരിച്ച സ്ഥലവും, അളവും, ചെലവഴിച്ച തുകയും വിശദമാക്കുമോ;

(ഡി) വി.എഫ്.പി.സി.കെ മുഖേന വിതരണം ചെയ്യുന്ന പച്ചക്കറി കീടനാശിനി രഹിതമാണെന്നും ഗുണനിലവാര മുള്ളതാണെന്നും ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) വി.എഫ്.പി.സി.കെ പച്ചക്കറി വില നിയന്ത്രിക്കാൻ മാർക്കറ്റിൽ ഇടപെടുന്നതിന്റെ ഭാഗമായി സർക്കാർ സബ്സിഡിയോടെ വിലകുറച്ചു വിൽപ്പന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ടൺ പച്ചക്കറി ഇപ്രകാരം വിതരണം ചെയ്തു; എത്ര രൂപ ഈയിനത്തിൽ സർക്കാർ വി.എഫ്.പി.സി.കെ ക്ക് നൽകി; വിശദാംശങ്ങൾ നൽകുമോ?

## കെ.എൽ.ഡി.സി യുടെ കൊല്ലം ജില്ലയിലെ മാലാക്കായൽ വികസന പദ്ധതി

3095. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി യുടെ ചുമതലയിൽ കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിലുള്ള മാലാക്കായൽ വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തെല്ലാം; വിശദമാക്കുമോ;

(ബി) കെ.എൽ.ഡി.സി യുടെ ലീഗൽ സ്റ്റാൻഡിംഗ് കൗൺസിൽ നിർമ്മാണം തുടരരുതെന്ന് ഉപദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; 25/07/2014-ൽ ലഭിച്ച പ്രസ്തുത കത്തിന്മേൽ നാളിതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;വ്യക്തമാക്കാമോ ;

(സി) കോസ്റ്റൽ സോൺ മാനേജ് മെന്റിന്റെ സ്റ്റോപ്പ് മെമ്മോ ഈ പദ്ധതിയുടെ നിർമ്മാണത്തിന് തടസ്സമായിട്ടുണ്ടോ; എങ്കിൽ സ്റ്റോപ്പ് മെമ്മോയുടെ പകർപ്പും വിശദാംശവും ലഭ്യമാക്കുമോ ; ഇവ മാറ്റി കിട്ടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഡയറക്ടർ ഓഫ് എൻവയോൺമെന്റ് ക്ലൈമറ്റ് ചെയ്ഞ്ച് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയോ, റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് വെളിവാക്കുമോ;

(ഇ) ഈ പദ്ധതി ഉപേക്ഷിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചുവോ; ഇല്ലെങ്കിൽ എങ്ങനെ പദ്ധതി പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

## നീര ഉത്പാദനം

3096. ശ്രീ.ആർ . സെൽവരാജ്

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപ്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) നീര ഉൽപ്പാദനത്തിനും പ്രചരണത്തിനും മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നീര ഉൽപ്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടാകുമെന്നും അനുയോജ്യമായ പ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകാമോ?

## ജൈവ വൈപ്പിൻ പദ്ധതി

3097. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ജൈവ വൈപ്പിൻ പദ്ധതിക്ക് അനുമതി ലഭ്യമാക്കിയിരുന്നുവോയെന്ന് വിശദീകരിക്കാമോ;

(ബി) പദ്ധതി നടത്തിപ്പിനായി നബാർഡ് സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വിശദീകരിക്കാമോ?

## ജൈവ പച്ചക്കറി കർഷകർക്ക് പരിശീലനവും സബ്സിഡിയും

3098. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിൽ സ്വയം പര്യാപ്തത നേടുന്നതിനും ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷകർക്ക് പ്രത്യേക പരിശീലനവും സബ് സിഡിയും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പാലക്കാട് ജില്ലയിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്?

വിഷ വിമുക്തമായ പച്ചക്കറി ഉൽപ്പാദനം

3099. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷ വിമുക്തമായ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാകുക എന്നത് ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) കൃഷി വകുപ്പ് മുഖേന സബ്സിഡി നിരക്കിൽ ഗ്രോ ബാഗുകൾ ഉണഭോക്താക്കൾക്ക് നൽകുന്നതിന്റെ കൂടെ സസ്യങ്ങളുടെ പരിപാലനത്തെയും വളപ്രയോഗത്തെയുംകുറിച്ചുള്ള ഒരു കുറിപ്പ് കൂടി നൽകുന്ന കാര്യം പരിഗണിക്കുമോ ?

നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ

3100. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപാദനത്തിന്റെ വിഷയത്തിൽ എക്സൈസ് വകുപ്പും കൃഷിവകുപ്പും തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ നിയമനിർമ്മാണത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ആറളം ഫാമിങ് കോർപ്പറേഷൻ

3101. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ഫാമിങ് കോർപ്പറേഷന്റെ ഭൂമിയിൽ നിലവിൽ ഏതെല്ലാം കൃഷികളാണ് നടത്തുന്നത്; ഹോർട്ടികൾച്ചർ മിഷൻ എത്ര ഏക്കർ ഭൂമിയിൽ എന്തെല്ലാം കൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ എത്ര ഏക്കറിലാണ് കരിങ്കൽക്വാറി നടത്തുന്നത്; ഇത് നടത്തുന്നതിന് പാരിസ്ഥിതാഘാതപഠനം നടത്തിയിട്ടുണ്ടോ; ഇതിന് മൈനിങ് ആന്റ് ജിയോളജി,

മലിനീകരണനിയന്ത്രണബോർഡ്, ഗ്രാമപഞ്ചായത്ത് എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജോബ് ചാർട്ട്

3102. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ ജോബ് ചാർട്ട് നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകൾക്കാണ് ജോബ് ചാർട്ട് നിലവിലുള്ളത്; തസ്തിക തിരിച്ചുള്ള ജോബ് ചാർട്ട് ലഭ്യമാക്കുമോ; ഇത് നടപ്പിലാക്കിയ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) ജോബ് ചാർട്ട് നിലവിൽ ഇല്ലാത്ത തസ്തികകൾക്ക് ജോബ് ചാർട്ട് നടപ്പിൽ വരുത്തുമോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; കൃഷി വകുപ്പിൽ മുഴുവൻ തസ്തികകൾക്കും ജോബ് ചാർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ

3103. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ഫാമുകളിൽ ഡെയറി യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(സി) ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി രീതി പ്രസ്തുത ഫാമുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി ഇറക്കുമതി

3104. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ സാമ്പത്തിക വര്‍ഷം അന്യ സംസ്ഥാനങ്ങളില്‍നിന്ന് കേരളത്തിലേക്ക് ഏതെല്ലാം ഇനങ്ങളിലുള്ള പച്ചക്കറികള്‍ എത്ര അളവുവീതം ഇറക്കുമതി ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) അന്യ സംസ്ഥാനങ്ങളില്‍ നിന്ന് വന്‍തോതില്‍ പച്ചക്കറി ഇറക്കുമതി ചെയ്യുന്നതിനാല്‍ കേരളത്തിലെ പച്ചക്കറി ഉല്‍പന്നങ്ങള്‍ക്ക് വിലകുറയുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ വിലക്കുറവ് തടയാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>കൃഷി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകള്‍</u>

3105. **ശ്രീ.കെ.കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കൃഷി അസിസ്റ്റന്റ് (അഗ്രികള്‍ച്ചര്‍ അസിസ്റ്റന്റ്) തസ്തികയില്‍ നിലവിലുള്ള ഒഴിവുകള്‍ വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകള്‍ പി.എസ്.സി. വഴി നികത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ?

<u>പോളി ഫാം ഹൗസുകള്‍</u>

3106. **ഡോ.കെ.ടി.ജലീല്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പോളി ഫാം ഹൗസുകള്‍ തുടങ്ങുന്നതിന് നിശ്ചിത സെന്റ് സ്ഥലം വേണമെന്നുള്ള വ്യവസ്ഥയുണ്ടോ;ഉണ്ടെങ്കില്‍ എത്ര സെന്റ് സ്ഥലം വേണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കാമോ

(ബി) നിര്‍മ്മാണ ചെലവിന്റെ എത്ര ശതമാനമാണ് സബ്സിഡിയായി ഉപഭോക്താക്കള്‍ക്ക് നല്‍കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വീടിന്റെ ടെറസിലും കുറഞ്ഞ സെന്റ് ഭൂമിയിലും ചെറിയ ചെറിയ പോളി ഹൗസുകള്‍ നിര്‍മ്മിക്കുന്നതിന് സബ്സിഡി ഇപ്പോള്‍ ലഭ്യമാണോ;ഇല്ലെങ്കില്‍ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>നിറവ് പദ്ധതി</u>

3107. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്ന നിറവ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; ഏതൊക്കെ നിയോജകമണ്ഡലങ്ങളിലാണ് ഇത് ആരംഭിച്ചിട്ടുള്ളത് ;

(ബി) റാന്നി നിയോജകമണ്ഡലത്തെ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ടോ ; റാന്നിയിൽ എന്തൊക്കെ പദ്ധതികളാണ് ഇതിലൂടെ വിഭാവനം ചെയ്തിട്ടുള്ളത് ; എപ്പോൾ മുതൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ; എത്ര രൂപയുടെ പദ്ധതികളാണ് റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

## നിറവ് പദ്ധതി

3108. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായകുളം അസംബ്ലിമണ്ഡലത്തിൽ, നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും, ഇതിനുവേണ്ടി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും ഇനി നടപ്പിലാക്കാൻ പോകുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ?

## നിറവ് പദ്ധതി

3109. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എവിടെയെല്ലാമാണ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നിറവ് പദ്ധതി നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ മണ്ഡലങ്ങളിൽ കാർഷിക രംഗത്ത് എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പദ്ധതിയിലൂടെ കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

## നിറവ് പദ്ധതി

3110. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതി നടപ്പാക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ള മണ്ഡലങ്ങൾ ഏതൊക്കെയാണ്;

(സി) തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ;

(ഡി) ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണ്;

(ഇ) ആരംഭിച്ചതും പൂർത്തിയായതുമായ ജോലികൾ ഏതൊക്കെയാണ്; ചെലവാക്കിയ തുക എത്രയാണ് ;വിശദാംശം നൽകാമോ?

## നിറവ് പദ്ധതി

3111. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ നിറവ് പദ്ധതി നടപ്പിലാക്കുന്നത് ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കാമോ;

(സി) നിറവ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കുന്നത് ആരാണെന്നും ഇത് സംബന്ധിച്ച മാർഗനിർദ്ദേശം നൽകേണ്ട ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ആറ്റിങ്ങൽ മണ്ഡലത്തിൽ എന്നു മുതൽ നടപ്പിലാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

## നിറവ് പദ്ധതി

3112. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിറവ് പദ്ധതി നടപ്പിലാക്കുന്ന മണ്ഡലങ്ങളിൽ ഓരോന്നിലും നാളിതുവരെ എന്തെല്ലാം കാർഷികപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക അനുവദിച്ചു എന്നും എത്ര തുക ചെലവായി എന്നും വെളിപ്പെടുത്തുമോ;

(സി) നിറവ് പദ്ധതി പ്രകാരം പുതുതായി എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മണ്ഡലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>സമഗ്ര നാളികേര വികസന പദ്ധതി</u>

3113. **ശ്രീ.**തേറമ്പിൽ രാമകൃഷ്ണൻ

**,,** വി.റ്റി.ബൽറാം

**,,** എം.പി.വിൻസെൻറ്

**,,** ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

<u>നൂറടി തോടിന്റെ പ്രവൃത്തി</u>

3114. **ശ്രീ.**ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കോൾ വികസന സമിതിയുടെ പരിധിയിൽവരുന്ന നൂറടി തോടിന്റെ ആഴംകൂട്ടലും, ഭിത്തി ബലപ്പെടുത്തലും പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിന്റെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു ; ഇതിനായി എത്ര തുക ചെലവഴf.ച്ചു;

(ബി) കെ.എൽ.ഡി.സി-യെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ള ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

## നിറവ് കാർഷിക പദ്ധതി

3115. ശ്രീ.പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് കാർഷികപദ്ധതിയുടെ ഭാഗമായി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതിരേഖകളും വ്യക്തമാക്കുമോ;

(ബി) കൃഷി വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾ ആണ് ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

## അഗ്രോ സർവ്വീസ് സെന്ററുകൾ

3116. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിലുണ്ട്; പ്രസ്തുത സെന്ററുകൾ മുഖേന കർഷകർക്ക് എന്തൊക്കെ സേവനങ്ങളും സഹായങ്ങളുമാണ് ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവൃത്തിക്കുന്നത്; വിശദാംശം നൽകുമോ;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതതായി അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## അഗ്രോ സർവ്വീസ് സെന്ററുകൾ

3117. ശ്രീ.ടി.എൻ. പ്രതാപൻ
,, ഐ.സി.ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു വഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കാൻ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം എത്ര മാത്രം പ്രയോജനപ്പെടും ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

3118. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മണ്ഡലങ്ങളിലാണ് കൃഷിവകുപ്പ് അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം അഗ്രോ സർവ്വീസ് സെന്ററുകളാണ് നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## ധനസഹായ വിതരണം

3119. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രഖ്യാപിച്ച ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ധനസഹായ വിതരണം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കൊല്ലം ജില്ലയിലെ മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി

3120. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത ഗ്രാമം ഏതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും പദ്ധതി നടപ്പിലാക്കിയ നോഡൽ ഏജൻസി ഏതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിൽ കൃഷി ഭവൻ, ജില്ലാ കൃഷി ഓഫീസർ എന്നിവർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## വിത്തു തേങ്ങയുടെ വില കർഷകർക്ക് യഥാസമയം ലഭ്യമാക്കൽ

3121. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും കൃഷി വകുപ്പ് സംഭരിക്കുന്ന വിത്തു തേങ്ങയുടെ വില നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നല്കാമോ;

(ബി) വിത്തു തേങ്ങയുടെ വില കർഷകർക്ക് യഥാസമയം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## കർഷക ആത്മഹത്യകൾ

3122. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതി തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## താറാവു കർഷകർക്ക് നഷ്ടപരിഹാരം

3123. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പക്ഷിപ്പനിയുടെ പശ്ചാത്തലത്തിൽ കുട്ടനാടൻ മേഖലയിലെ താറാവ് കൃഷിക്കാർക്കുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) താറാവു കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിലുണ്ടായ വീഴ്ച പരിഹരിക്കാൻ എന്തു നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പക്ഷിപ്പനിയുടെ ഭീതിയും സാമ്പത്തിക നഷ്ടവും കാരണം താറാവു കൃഷിക്കാർ കൃഷിയോട് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) താറാവുകൃഷിയുടെ സാധ്യതകൾ മനസിലാക്കി മുന്നോട്ടുവരുന്ന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായവും വായ്പയും നൽകാൻ തയ്യാറാകുമോ?

## നെല്ല് ഉൽപാദനത്തിലെ വർദ്ധനവ്

T 3124. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ വർഷം നെല്ല് ഉൽപാദനം എത്ര ശതമാനം വർദ്ധിച്ചു എന്ന കാര്യം വിശദമാക്കാമോ?

## ജൈവകൃഷി സംസ്ഥാനം

3125. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

## തരിശായി കിടക്കുന്ന കൃഷി ഭൂമി

3126. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭൂമി തരിശായി കിടക്കുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) നിലവിൽ തരിശായി കിടക്കുന്ന ഭൂമികൾ കണ്ടെത്തുവാനും അത് സംബന്ധിച്ച ഒരു

ഡാറ്റാ തയ്യാറാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ ആണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) തരിശുഭൂമി സംബന്ധിച്ച കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തരിശുഭൂമി ഏറ്റെടുത്ത് കൃഷി നടത്തി എന്നതിന്റെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>വിളയിതര പച്ചക്കറികൾ</u>

3127. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വീട്ടുവളപ്പുകൾ വിളയിതര പച്ചക്കറികളുടെ കലവറയാണെന്ന ശാസ്ത്രീത പഠനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പച്ചക്കറികളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>തൃശ്ശൂർ-പൊന്നാനി കോൾ വികസന നിർവ്വഹണ സമിതി</u>

3128. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-പൊന്നാനി കോൾ വികസന നിർവ്വഹണ സമിതി ചെയർമാൻ നിലവിൽ ആരാണ്;

(ബി) നിർവ്വഹണ സമിതി ചെയർമാനായി ശ്രീ. സി.എൻ. ജയദേവൻ. MP-യെ നിയമിക്കണമെന്ന് ബഹു. കേരള ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(സി) ഉത്തരവ് നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) പദ്ധതിയുടെ 90% വും തൃശ്ശൂർ ജില്ലയിൽ ആണെന്നിരിക്കെ ശ്രീ. സി.എൻ. ജയദേവൻ MP യെ ചെയർമാനായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>കായംകുളം അസംബ്ലി മണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പ്രവൃത്തികൾ</u>

3129. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായംകുളം അസംബ്ലി മണ്ഡലത്തിൽ കൃഷി വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാർഷിക മേഖലയിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3130. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ ബ്ലോക്കിൽ ഏതെല്ലാം പദ്ധതികളാണ് ആർ കെ വി വൈ യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക മേഖലയിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ കൃഷി ഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; ആയതിന്റെ വിശദാംശങ്ങളുടെ പകർപ്പ് നൽകുമോ?

## കാർഷിക പ്രതിസന്ധി

3131. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക പ്രതിസന്ധി രൂക്ഷതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിലൂടെ എന്താണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ?

## പെരുമണ്ണ കൃഷിഭവനിൽ അധിക തസ്തികകൾ

3132. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുമണ്ണ കൃഷിഭവനിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

## കാർഷിക വായ്പയ്ക്ക് മൊറട്ടോറിയം

T 3133. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പാതിരിച്ചടവ് മുടങ്ങിയവർക്കായുള്ള മൊറട്ടോറിയത്തിന്റെ കാലാവധി എന്നാണ് തീർന്നത്;

(ബി) കാർഷിക വായ്പയുടെ മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടണം എന്ന കർഷകരുടെ ആവശ്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ എത്ര കാലത്തേക്ക് മൊറട്ടോറിയം നീട്ടുവാനാണ് ആലോചിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## ഫാമുകളുടെ ശാക്തീകരണം

3134. ശ്രീ.ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ;

(ബി) ഇതിനായി ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ;

(സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾ തമ്മിൽ മത്സരം ഉണ്ടാക്കിയെടുക്കാവാൻ സമ്മാന പദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## കുട്ടനാട് പാക്കേജ്- വൈക്കം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

3135. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് വഴി കൃഷി വകുപ്പിന്റെ കീഴിൽ വൈക്കം നിയോജകമണ്ഡലത്തിൽ ഏതെല്ലാം ജോലികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടംവരെയെത്തിയെന്നും പൂർത്തിയായ ജോലികൾ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ;

(സി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തന കാലാവധി നീട്ടിയതിൽ വൈക്കം മണ്ഡലത്തിൽ കൃഷി വകിപ്പിന്റെ ഏതെല്ലാം പദ്ധതികൾക്ക് സഹായകരമാണെന്നും വ്യക്തമാക്കുമോ?

പച്ചക്കറി കൃഷിയ്ക്കായി ഡ്രിപ്പ് ഇറിഗേഷൻ

3136. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലത്തിന്റെ ലഭ്യത കുറവ് കാരണം വീട്ടുമുറ്റത്തും ടെറസിലും അടുക്കള തോട്ടങ്ങളിലും ഉണ്ടാക്കുന്ന പച്ചക്കറി കൃഷി നശിച്ച് പോകുന്നതും വരൾച്ച കടുത്ത സമയത്ത് ആളുകൾ കൃഷി നിർത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി ജലത്തിന്റെ അമിത ഉപഭോഗം കുറയ്ക്കുന്നതിനും ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായുള്ള സാമഗ്രികൾ സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഡ്രിപ്പ് ഇറിഗേഷനാവശ്യമായ സാമഗ്രികൾ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ?

പാരമ്പര്യ ഔഷധച്ചെടികളുടെ സംരക്ഷണം

3137. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ ഔഷധച്ചെടികളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധച്ചെടികൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് കൃഷിവകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ;എങ്കിൽ ഏതെല്ലാം ഫാമുകളിൽ നിന്ന് അത് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

3138. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ/പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ നെല്ലുൽപ്പാദനം എത്ര ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഉപയോഗ ശൂന്യമായി കിടക്കുന്ന വയലുകൾ കൃഷി യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## നീറ്റുകക്ക സബ്സിഡി

3139. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർ നീറ്റുകക്ക വാങ്ങാത്തതുമൂലം കുട്ടനാട്ടിലെ കൃഷിഭവനുകളിൽ നീറ്റുകക്കയ്ക്കുള്ള സബ്സിഡി തുക കെട്ടികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) നീറ്റുകക്ക വാങ്ങുന്നതിന് സാമ്പത്തികമില്ലാത്ത കർഷകർക്ക് ഏക്കറിന് 600 ( അറുന്നൂറ് )രൂപയുടെ സബ്സിഡി തുകയ്ക്കുള്ള നീറ്റുകക്ക ഉപാധികളില്ലാതെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## കാസർഗോഡ് കൃഷി ഭൂമി

3140. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ ആകെയുള്ള കൃഷി ഭൂമിയുടെ അളവ് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) ഇതിൽ കഴിഞ്ഞ പത്ത് വർഷമായി കൃഷി ചെയ്യാത്ത ഭൂമി എത്രയെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ; ഈ ഭൂമിയിൽ ഇനി കൃഷിക്ക് സാധ്യതയുണ്ടോ; ഇല്ലെങ്കിൽ ഏത് ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത ഭൂമി വിനിയോഗിക്കപ്പെടുക എന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര റൈസ് ബയോപാർക്ക്

3141. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ല കൃഷിത്തോട്ടത്തിൽ റൈസ് ബയോപാർക്ക് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; റൈസ് ബയോപാർക്കിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; റൈസ് ബയോപാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നിറവ് പദ്ധതി

3142. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയിൽ ഉൾപ്പെട്ട വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതിയിൽ ഇതുവരെ എത്ര പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; ഇതിൽ ഏതെല്ലാം അംഗീകരിച്ചു; എത്ര രൂപ അനുവദിച്ചു; വിശദമാക്കുമോ ;

(സി) കൃഷി വകുപ്പിന് കീഴിൽ എത്ര പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു; അവ ഏതെല്ലാം; പദ്ധതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) കൃഷി വകുപ്പിൽ ഇതുവരെ നിറവ് പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികൾ അംഗീകരിച്ചു; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിനായി കൊയിലാണ്ടിയിൽ വിവിധ വകുപ്പുകളെ ഏകോപിച്ച് കൊണ്ട് പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ കൃഷി വകുപ്പിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കുന്ദമംഗലം പഞ്ചായത്തിലെ കൃഷി നാശം

3143. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഏപ്രിൽ 14-ലെ ചുഴലിക്കാറ്റിൽ കുന്ദമംഗലം പഞ്ചായത്തിലെ 161 കർഷകരുടെ വാഴകൃഷി മൊത്തമായി നശിച്ചുപോയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) കർഷകർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

<u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിലം നികത്തുന്നതിനെതിരെ നടപടി</u>

3144. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.5.2014-ൽ കൃഷി വകുപ്പ് സെക്രട്ടറി നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരം നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ആയത് ജില്ലാ കളക്ടറെ അറിയിക്കേണ്ടത് ബന്ധപ്പെട്ട കൃഷി ഓഫീസറാണെന്നും അപ്രകാരം ചെയ്യാതിരുന്നാൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നുമുള്ള നിർദ്ദേശം പാലിക്കാതിരുന്നതിന്റെ പേരിൽ ആലപ്പുഴ ജില്ലയിൽ എത്ര കൃഷി ഓഫീസർമാർക്കെതിരെ നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

<u>മട്ടുപ്പാവ് കൃഷി</u>

3145. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മട്ടുപ്പാവ് കൃഷിക്കായി മാത്രം കൃഷി ഓഫീസർമാരുടെ സേവനം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഇരുചക്രവാഹന സൗകര്യം</u>

3146. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര കൃഷിഭവനുകളിൽ ഇരുചക്രവാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇരുചക്രവാഹന സൗകര്യം ലഭ്യമാക്കാത്ത കൃഷിഭവനുകളിൽ ഈ സാമ്പത്തിക വർഷം തന്നെ വാഹന സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

## പച്ചത്തേങ്ങാ സംഭരണം

3147. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സര്ക്കാര് അധികാരമേറ്റശേഷം പച്ചത്തേങ്ങാ സംഭരണം വഴി നാളിതുവരെ എത്രമാത്രം നാളികേരം സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ലകൾ തിരിച്ചുള്ള വാർഷിക കണക്ക് ലഭ്യമാക്കാമോ?

## സഹസ്രസരോവർ പദ്ധതി

3148. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലിമണ്ഡലത്തിൽ സഹസ്രസരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം ദേവികുളങ്ങര പഞ്ചായത്തിലെ ദേവീകുളങ്ങര ക്ഷേത്രകുളത്തിന്റെ പുനരുദ്ധാരണത്തിനായി നൽകിയ അപേക്ഷയിൽമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

## പ്ലാന്റേഷൻ കോർപ്പറേഷനിലെ ടാപ്പിംങ് സൂപ്പർവൈസർ തസ്തികകൾ

3149. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയിലെ അനുവദിക്കപ്പെട്ടിട്ടുള്ള ടാപ്പിംങ് സൂപ്പർവൈസർമാരുടെ തസ്തികകൾ എത്രയാണെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളിലെ നിയമനത്തിനായി 2005 ൽ അപേക്ഷ ക്ഷണിച്ച് നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നും ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയുമോ;

(സി) പ്ലാന്റേഷൻ കോർപ്പറേഷനിൽ നിലവിൽ എത്ര പേർ കരാറടിസ്ഥാനത്തിൽ

പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കാലടി പ്ലാന്റേഷനിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്രയെന്നും പ്രസ്തുത തസ്തികയിൽ കരാറടിസ്ഥാനത്തിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ;

(എഫ്) ഇതു സംബന്ധിച്ച കോടതിവിധി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ജി) ആശ്രിത നിയമനപ്രകാരം എത്ര പേർക്ക് നിയമനം നൽകേണ്ടതായിട്ടുണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ ?

<u>മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള</u>

3150. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകന് നിലവാരമറിഞ്ഞ് കൃഷിയിറക്കുന്നതിന് വേണ്ടി മണ്ണിനെക്കുറിച്ചുള്ള വിവരങ്ങളറിയുവാൻ ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്റ്റ്) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നുണ്ടോ;

(സി) ഇതിന്റെ വിശദാംശങ്ങൾ കർഷകർക്ക് എന്ന് മുതൽ ലഭിച്ചു തുടങ്ങും?

<u>ചെരണ്ടത്തൂർ ചിറയിലെ പ്രവർത്തികൾ</u>

3151. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ചെരണ്ടത്തൂർ ചിറയിൽ നെൽകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി കൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

## തൊഴിലാളികളുടെ വേതനകുടിശ്ശിക

3152. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ TxD പോളിനേഷൻ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് കിട്ടാനുള്ള വേതനകുടിശ്ശിക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കർഷകദിനാചരണം

3153. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകദിനമായ ചിങ്ങം ഒന്ന് കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ;

(ബി) കർഷകദിനാചരണം കൂടുതൽ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കർഷകദിനത്തോടനുബന്ധിച്ച് ജൈവകർഷകരെ പ്രത്യേകം ആദരിക്കുവാനും പ്രോൽസാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ?

## കുട്ടനാട്ടിൽ നിറവ് പദ്ധതി

3154. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിറവ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

## കൃഷിവകുപ്പിൽ സേവനം അനുഷ്ഠിക്കുന്ന കോൺട്രാക്ട് ജീവനക്കാർ

3155. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പിൽ എത്ര കോൺട്രാക്ട് ജീവനക്കാർ ഏതെല്ലാം പദ്ധതികളിലായി സേവനം അനുഷ്ഠിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ സർക്കാർ വകുപ്പിൽ നിന്നും വിരമിച്ചവർ എത്ര; ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിൽ നിന്നും വിരമിച്ചവരെന്ന് പേരുവിവരം സഹിതം വ്യക്തമാക്കാമോ;

(സി) സർക്കാർ വകുപ്പുകളിൽ നിന്നും വിരമിച്ചവർ അല്ലാതെയുള്ള കോൺട്രാക്ട് ജീവനക്കാർ എത്ര; ഏതെല്ലാം പദ്ധതികളിലായി അവർ സേവനം അനുഷ്ഠിക്കുന്നു; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് നിയമിക്കപ്പെട്ടതും ഇപ്പോഴും തുടരുന്നതുമായ എത്ര കോൺട്രാക്ട് ജീവനക്കാരുണ്ട് ; ഏതെല്ലാം പദ്ധതികളിൽ ഇവർ സേവനം അനുഷ്ഠിക്കുന്നു ; ഇവരിൽ വിരമിച്ചവരെത്ര; പേരുകൾ വെളിപ്പെടുത്താമോ?

<u>വീട്ടുവളപ്പിലെ വിളയിതര പച്ചക്കറി കൃഷി</u>

3156. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വീട്ടുവളപ്പുകൾ വിളയിതര പച്ചക്കറികളുടെ കലവറയാണെന്ന ഒരു ശാസ്ത്രീയ പഠന റിപ്പോർട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) പച്ചക്കറികളിലുള്ളതിനേക്കാൾ കൂടുതൽ മാംസ്യം, കൊഴുപ്പ്, നാരുകൾ, ധാതുക്കൾ എന്നിവ അടങ്ങിയതും, തനിയെ വളരുന്നതുമായ നാടൻ പച്ചക്കറികളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും, പ്രചാരണം നൽകുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>പച്ചക്കറികളിലെ കീടനാശിനികൾ</u>

3157. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിലേയും പഴവർഗ്ഗങ്ങളിലേയും കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനും അവയെ നിർവ്വീര്യമാക്കുന്നതിനും എന്തെങ്കിലും ഉപാധികൾ വികസിപ്പിച്ചെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ അവ എവിടെ നിന്നും ലഭ്യമാകുമെന്ന് അറിയിക്കുമോ ?

<u>അടുക്കളത്തോട്ടം</u>

3158. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനായി പച്ചക്കറി തൈകളടക്കമുള്ള ഗ്രോബാഗുകൾ സബ്സിഡി നൽകി വിതരണം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ വിതരണ ഏജൻസി ആരാണ്;പൊതുജനങ്ങൾ ആരെയാണ് സമീപിക്കേണ്ടത്;

(സി) ഒരു യൂണിറ്റിൽ എത്ര ഗ്രോബാഗുകളാണ് ഉണ്ടാകുക; എത്ര തുകയാണ് ഇതിനായി ഈടാക്കുന്നത്;വിശദാംശം നൽകുമോ?

<u>കൊയിലാണ്ടിയിലെ കൃഷി നാശം</u>

3159. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി മണ്ഡലത്തിലും മറ്റും ഈയടുത്ത ദിവസങ്ങളിൽ കനത്ത മഴയിലും കാറ്റിലും വ്യാപകമായി കൃഷി നാശമുണ്ടായതും കർഷകർക്ക് വലിയ കഷ്ടനഷ്ടങ്ങൾ സംഭിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊയിലാണ്ടിയിൽ വന്നിട്ടുള്ള കൃഷി നാശത്തെ സംബന്ധിച്ചും കർഷകന് ഉണ്ടായിട്ടുള്ള നഷ്ടത്തെ സംബന്ധിച്ചും നിയമസഭാ സാമാജികരിൽ നിന്നും ബഹു. മന്ത്രിക്ക് നിവേദനം ലഭിക്കുകയുണ്ടായോ ;

(സി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കൃഷി ഭവനുകളിൽ നാശനഷ്ടം സംബന്ധിച്ച് സ്ഥിതി വിവര കണക്കും നഷ്ടം തിട്ടപ്പെടുത്തിയ കണക്കും ലഭ്യമാണോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) കൃഷി നഷ്ടപ്പെട്ട കർഷകർക്ക് സർക്കാർ സഹായധനം എന്ന് ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ ?

<u>അട്ടപ്പാടിയിൽ കൃഷി വകുപ്പ് ചെലവഴിച്ച തുക</u>

3160. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് അട്ടപ്പാടിയിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ആദിവാസികൾക്കായി എത്ര രൂപ ചെലവഴിച്ചു;

(സി) ഓരോ പദ്ധതിക്കും ഓരോ ഊരിലും ചെലവഴിച്ച തുക എത്രയെന്നും ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കാമോ?

## കൃഷിഭൂമിയില്ലാത്ത കർഷക തൊഴിലാളികൾക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി

3161. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമിയില്ലാത്ത എത്ര കർഷക തൊഴിലാളികൾ സംസ്ഥാനത്തുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) കൃഷിഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സോയിൽ ഹെൽത്ത് കാർഡ്

3162. ശ്രീ.ബെന്നി ബെഹനാൻ
,, കെ.അച്ചുതൻ
,, ജോസഫ് വാഴയ്ക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത കാർഡുകളിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

വിശദാംശങ്ങൾ എന്തെല്ലാം?

<u>കുട്ടനാട്ടിലെ കുളങ്ങളുടെ നവീകരണം</u>

3163. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന് കീഴിൽ കുളങ്ങളും കിണറുകളും നവീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതിയ പ്രൊപ്പോസലുകൾ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതിയിൽ കുട്ടനാട്ടിലെ കുളങ്ങൾ ഉൾപ്പെടുത്തുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>പീലിക്കോട് കാർഷിക ഗവേഷണകേന്ദ്രം</u>

3164. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിക്കോട് കാർഷിക ഗവേഷണകേന്ദ്രം വടക്കെ മലബാറിലെ കാർഷികയൂണിവേഴ്സിറ്റിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

<u>ക്ഷീര കർഷക ക്ഷേമനിധി</u>

3165. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് വരുമാനം ലഭിക്കുന്ന സ്രോതസ്സുകൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി പെൻഷൻ പദ്ധതികൾ വഴി കർഷകർക്ക് കൂടുതൽ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ക്ഷീര കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് ലോട്ടറി നടത്തിപ്പുവഴി പണം കണ്ടെത്താൻ പദ്ധതി നടപ്പാക്കുമോ?

## പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം

3166. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വളരെക്കുറവാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പാൽ, മുട്ട, മാസം ഉത്പാദനത്തിനായി സഹകരണ സംഘങ്ങൾ മുന്നോട്ടുവന്നാൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

## എടവണ്ണ ഹാച്ചറിയുടെ നിർമ്മാണം

3167. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ഒരു ഹാച്ചറി നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഹാച്ചറിയുടെ കാര്യങ്ങൾക്ക് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി, തുടർനടപടികൾ വേഗത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കുളമ്പ് രോഗം

3168. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളമ്പ് രോഗം ബാധിച്ച് നടപ്പ് വർഷം അടൂർ നിയോജക മണ്ഡലത്തിൽ ചെറുകിട ക്ഷീരകർഷകരുടെപശുക്കൾ ചത്തതിനുള്ള നഷ്ടപരിഹാര അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ;

(ബി) എത്ര അപേക്ഷകൾ ഇതുമായി ബന്ധപ്പെട്ട് നിലവിൽ പരിഗണനയിലാണെന്നുള്ള വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(സി) അപേക്ഷകളിന്മേൽ നടപ്പുവർഷം നഷ്ടപരിഹാരം നൽകിക്കഴിഞ്ഞവയുടെ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഇനിയും നഷ്ടപരിഹാരം നൽകാനുള്ളവയ്ക്ക് അടിയന്തിരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>നാഷണൽ പ്രോജക്ട് ഫോർ ബൊവൈൻ ബ്രീഡിംഗ്</u>

3169. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ പ്രോജക്ട് ഫോർ ബൊവൈൻ ബ്രീഡിംഗ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരളത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്വകാര്യ മേഖലയിൽ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് നിലവിലുള്ള ജീവനക്കാരുടെ തൊഴിലിനെ ബാധിക്കുമോ;

(സി) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കൃത്രിമ ബീജദാനം നടത്തുവാൻ എത്ര ജീവനക്കാരുണ്ട് എന്ന് വ്യക്തമാക്കുമോ; കർഷകർക്ക് ഇപ്പോൾ സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുന്ന കൃത്രിമ ബീജദാന സേവനം തുടർന്നും സൗജന്യമായി ലഭിക്കുമോ?

<u>പശുഗ്രാമം</u>

3170. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുഗ്രാമം സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതി ഏത് ജില്ലയിൽ ഏത് വിധത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതി</u>

3171. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി - പരിയാരം കുടിവെള്ള പദ്ധതിയ്ക്കായി പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ വക സ്ഥലത്ത് നിന്ന് വാട്ടർ പ്ലാന്റിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്ഥലം വിട്ടു നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

<u>പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ</u>

3172. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കുമോ;

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതികളിൽ ഏതൊക്കെയാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ;

(സി) വികസന കാര്യങ്ങളിൽ കോർപ്പറേഷൻ നിയോജക മണ്ഡലത്തെ അവഗണിക്കുന്നതായി ശ്രദ്ധ്‌യിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനു സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>പൌൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ</u>

3173. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൌൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ആവശ്യമുള്ള മുട്ടകോഴികളെ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഇപ്പോൾ എന്തൊക്കെ കാര്യങ്ങൾ നിർവ്വഹിക്കുന്നുണ്ട്; വിശദാംശം അറിയിക്കുമോ;

(സി) പുതിയ മാനേജിംഗ് ഡയറക്ടർ നിയമിതനായ ശേഷം കോർപ്പറേഷന്റെ ഓരോ യൂണിറ്റിലും അധികമായി ദിവസവേതനം, കരാർ, സ്ഥിരനിയമനം എന്നിവയിൽ എത്ര നിയമനങ്ങൾ നടത്തി; ജില്ല തിരിച്ച് അറിയിക്കുമോ;

<u>പക്ഷിപ്പനി</u>

3174. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മേഖലയിൽ H5N1 ഏവിയൻ ഇൻഫ്ലുവൻസ (പക്ഷിപ്പനി) പടർന്നു പിടിച്ചതുമൂലം എത്ര താറാവ് കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരം അനുവദിച്ചുവെന്ന് വിശദമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പക്ഷിപ്പനിയുടെ പ്രതിരോധ/സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കും, ബോധവത്കരണത്തിനും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

<u>പക്ഷിപ്പനി</u>

3175. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷിപ്പനി തടയുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ക്ഷീരഗ്രാമം പദ്ധതി</u>

3176. ശ്രീ.കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്;

(സി) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പത്തനംതിട്ടയുടെ സാദ്ധ്യത പഠന വിധേയമാക്കുന്നതിനും പദ്ധതി തുടങ്ങുന്നതിനും നടപടി സ്വീകരിക്കുമോ?

## തിക്കോടിയിലെ പാരസൈറ്റ് ബ്രിഡിംഗ് സെന്റർ

3177. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തിക്കോടിയിൽ സ്ഥിതി ചെയ്യുന്ന പാരസൈറ്റ് ബ്രിഡിംഗ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന്റെ സ്ഥിതി ചൂണ്ടിക്കാണിച്ച് നൽകിയിട്ടുള്ള നിവേദനത്തിൽ ഇതുവരെ മറുപടി നൽകാത്തതും അനുകൂല നടപടികൾ സ്വീകരിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തിന്റെ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ഡയറി സയൻസിൽ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടി

3178. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികൾക്ക് കീഴിൽ ഡയറി സയൻസിൽ ആകെ എത്ര ബിരുദ സീറ്റിലേയ്ക്കാണ് ഒരു വർഷം പ്രവേശനം നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോഴ്സുകൾ നടത്തുന്നത് എവിടെയയൊക്കെയാണ്; ഇതിനായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശമാക്കുമോ;

(സി) ഡയറി സയൻസ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കമോ;

(ഡി) വർദ്ധിപ്പിക്കുന്നുണ്ടെങ്കിൽ അതിനായി പുതുതായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ഇ) നിലവിലുള്ള സൗകര്യത്തിൽ കൂടുതൽ ആളുകൾക്ക് പ്രവേശനം നൽകാൻ കഴിയുമോ; വിശദമാക്കമോ?

## എം. മൊഹമ്മദ് ഇക്ബാലിന്റെ സ്ഥലം മാറ്റം

3179. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് പേസ്റ്റ് അപ് ആർട്ടിസ്റ്റ് എം. മൊഹമ്മദ് ഇക്ബാലിനെ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും കുറ്റം ചുമത്തിയാണോ പ്രസ്തുത സ്ഥലത്തേക്ക് മാറ്റി നിയമിച്ചത്;

<u>അച്ചടി വകുപ്പിൽ ബയോമെട്രിക് പഞ്ചിംഗ്</u>

3180. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ എല്ലാ ജീവനക്കാർക്കും ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും ഉദ്യോഗസ്ഥരെ പ്രസ്തുത സംവിധാനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം;

(സി) സെക്യൂരിറ്റി ഉദ്യോഗസ്ഥർക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അവർക്കും കൂടി പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

(ഇ) അച്ചടി വകുപ്പ് ഡയറക്ടർ, സൂപ്രണ്ട്, ഷിഫ്റ്റ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലോ ഓഫീസർ, ലേബർ ഓഫീസർ, ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് എന്നിവരുടെ കഴിഞ്ഞ മൂന്ന് മാസത്തെ പഞ്ചിംഗ് രേഖകൾ മേശപ്പുറത്ത് വയ്ക്കുമോ?

<u>അച്ചടി വകുപ്പ്</u>

3181. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ ഇപ്പോൾ ഏതൊക്കെ വകുപ്പുകളുടെ അച്ചടിയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ബി) മറ്റ് വകുപ്പുകളുടെ അച്ചടി എന്ത് കാരണത്താലാണ് അച്ചടി വകുപ്പിനെ ഏൽപ്പിക്കാത്തത്;

(സി) പാഠ പുസ്തകങ്ങളുടെ അച്ചടി ഗവൺമെന്റ് പ്രസ്സിനെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എത്ര വീതം എന്ന് വ്യക്തമാക്കാമോ?

<u>അച്ചടി വകുപ്പിലെ പാൽ വിതരണം</u>

3182. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ ജീവനക്കാർക്ക്, രാസ പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പ്രതിരോധിക്കുവാൻ പാൽ വിതരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നുമുതൽ എന്നുവരെയാണ് വിതരണം നടത്തിയത്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇപ്പോൾ പാൽ വിതരണം നടത്തുന്നുണ്ടോ ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് ഇത് നിർത്തലാക്കിയത് ;

(ഡി) രാസ പദാർത്ഥങ്ങളുടെ അമിതമായ ഉപയോഗം ഇപ്പോഴും ഗവൺമെന്റ് പ്രസ്സിൽ നടക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) ആരോഗ്യ പ്രശ്നങ്ങൾ പ്രതിരോധിക്കാൻ പാൽ വിതരണം തുടരുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>അച്ചടി വകുപ്പിലെ ജീവനക്കാർക്കുള്ള അലവൻസ് കുടിശ്ശിക</u>

3183. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ ജീവനക്കാർക്ക് അധികജോലി ചെയ്ത വകയിൽ എന്ന് മുതൽക്കുള്ള അലവൻസ് കുടിശ്ശികയുണ്ട്;

(ബി) ഇത് എത്ര തുക വരും എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ജീവനക്കാർക്ക് എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ പ്രസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾ</u>

3184. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രിന്റിംഗ് വകുപ്പിന് എവിടെയെല്ലാമാണ് പ്രസ്സുകൾ ഉള്ളത്;

(ബി) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി 2011-12 മുതൽ 2014-15 വരെ എത്ര തുകയാണ് അനുവദിച്ചത്;

(സി) ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സർക്കാർ പ്രസ്സുകളുടെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം

അഴിമതികൾ നടന്നതായി സി. എ. ജി. കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## 2014-ലെ ഡയറി വിതരണം

3185. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ എത്ര ഗവൺമെന്റ് ഡയറി അച്ചടിച്ചിട്ടുണ്ട്;

(ബി) എം.എൽ.എ.മാർക്കും മന്ത്രിമാർക്കും എത്ര എണ്ണം വീതം വിതരണം നടത്തിയിട്ടുണ്ട്; ഓരോരുത്തർക്കും കൊടുത്തത് പ്രത്യേകം വ്യക്തമാക്കാമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ 2014-ൽ ഡയറി വിതരണം നടത്തി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ശ്രീ. പി. സി. മാത്യുവിന്റെ വീട്ടുകരം സംബന്ധിച്ച അപേക്ഷ

3186. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വീട്ടുകരം സംബന്ധിച്ച് ശ്രീ. പി. സി. മാത്യു ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിൻമേലുള്ള 46904/LSGD/RC/2011 നമ്പർ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയാമോ ;വ്യക്തമാക്കാമോ;

(ബി) അപേക്ഷയിൽ പറയുന്ന ആവശ്യം നിരസിച്ചതായോ എന്ത് നടപടി സ്വീകരിച്ചു എന്നതിനെക്കുറിച്ചോ ശ്രീ. മാത്യുവിന് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇക്കാര്യങ്ങൾ സംബന്ധിച്ച് കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിനോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്ത് നൽകിയിരിക്കുന്ന മറുപടിയുടെ കോപ്പി നൽകാമോ?

## കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട് ലിമിറ്റഡ്

3187. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഫാക്ടറിയോ വ്യവസായ യൂണിറ്റോ ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ അനുമതിയും ലൈസൻസും ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്ന കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമല്ലെന്ന് വ്യവസ്ഥ ചെയ്യുന്ന മറ്റേതെങ്കിലും നിയമങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 233 പ്രകാരം കാസർകോട് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിൽ തലയടുക്കത്ത് പ്രവർത്തിക്കുന്ന കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട് ലിമിറ്റഡ് കമ്പനിയുടെ ലാറ്ററൈറ്റ് ഖനിക്ക് ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) അനുമതി ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനം അടച്ചു പൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

## തവനൂർ പഞ്ചായത്തിലെ കൺവീനർ വർക്കുകൾ

3188. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തികൾ ടെൻഡർ ചെയ്യാതെ കൺവീനർ വർക്കാക്കി നൽകിയാൽ സാമ്പത്തിക നഷ്ടം വരാറുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ തവനൂർ പഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി വന്നതിനുശേഷം എത്ര റോഡുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത് എന്നും, എത്ര രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര രൂപയുടെ എത്ര റോഡുകളാണ് ടെൻഡർ ചെയ്തിട്ടുള്ളത് എന്നും എത്ര റോഡുകൾ എത്ര രൂപക്കാണ് കൺവീനർ വർക്കായി നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ?

## പ്രശാന്തി ഗാർഡൻസ് മോഡൽ ക്രിമിറ്റോറിയം

3189. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ പ്രശാന്തി ഗാർഡൻസ് മോഡൽ ക്രിമിറ്റോറിയം നിർമ്മിക്കുന്നത് സംബന്ധിച്ച ശിപാർശകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച തുടർനടപടികളുടെ പുരോഗതി അറിയിക്കാമോ?

<u>പഞ്ചായത്തുകൾക്ക് നൽകിയ ലോകബാങ്ക് ഫണ്ട്</u>

3190. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കായളവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ലോകബാങ്ക് സർക്കാർ മുഖേന നൽകിയ ഫണ്ടിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗത്തിന്റെ നാളിതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ ;

(സി) എന്തെല്ലാം വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഇ.എം.എസ് ഭവനപദ്ധതി</u>

3191. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ് ഭവനപദ്ധതിക്കായി വായ്പയെടുത്ത തുക യഥാസമയം തിരിച്ചടക്കാത്ത പഞ്ചായത്തുകൾക്ക് പുതിയ ഭവനപദ്ധതിക്ക് വീണ്ടും ലോൺ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്ന് എടുത്ത കടം തിരിച്ചടക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള പണം പ്ലാൻഫണ്ടിൽ നിന്ന് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ യഥാസമയം ലോൺ തിരിച്ചടക്കാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വിശദമാക്കാമോ?

<u>കെ. എൽ.ജി.എസ്.ഡി.പി</u>

T 3192. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡലിവറി പ്രോജക്ട് പ്രകാരം ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ഓരോ പഞ്ചായത്തിനും എത്ര വീതം തുകയാണ് നൽകിയിട്ടുള്ളത്; തുക ഏതെല്ലാം സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് അനുവദിച്ചിട്ടുള്ളത്;

(സി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ധനസഹായം അനുവദിക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്?

ജനന മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ

3193. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനം, മരണം എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കാലവിളംബം നേരിട്ടവർക്കും, രജിസ്റ്റർ ചെയ്യാത്തവർക്കും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ബി) നടപടി ക്രമങ്ങൾ ലഘൂകരിച്ച് പഞ്ചായത്ത് തലത്തിലോ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തലത്തിലോ ഫൈൻ അടച്ച് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനന-മരണ രജിസ്ട്രേഷൻ നടത്താത്തവർക്കുള്ള അപേക്ഷകളിന്മേൽ തീരുമാനം കല്പിക്കുന്നതിന് ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുമോ?

ലോക ബാങ്കിന്റെ പെർഫോമൻസ് ഗ്രാന്റ്

3194. ശ്രീ. എൻ .എ.നെല്ലിക്കുന്ന്
,, റ്റി.എ.അഹമ്മദ് കബീർ
,, വി.എം.ഉമ്മർ മാസ്റ്റർ
,, സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കിന്റെ പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകളുടെ നിലവാരം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ പ്രധാന മാനദണ്ഡം എന്തൊക്കെയാണെന്നും അവ പാലിച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര പഞ്ചായത്തുകൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട് എന്നും എത്ര തുക ആ ഇനത്തിൽ പഞ്ചായത്തുകൾക്ക് ഇതേവരെ ലഭിച്ചു എന്നും വ്യക്തമാക്കുമോ?

## എൽ.എസ്.ജി.ഡി., ഡി.ബി. സെക്ഷനിലെ കാലതാമസം

3195. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ എൽ.എസ്.ജി.ഡി., ഡി.ബി. സെക്ഷനിൽ ടൈപ്പിസ്റ്റ് ഇല്ലാത്തതുമൂലം സെക്ഷനുമായി ബന്ധപ്പെട്ട ഓർഡറുകൾ ഇറക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ.മാരുടെ തദ്ദേശ വകുപ്പിലെ ആസ്തി വികസന ഫണ്ടുകൾ സംബന്ധിച്ച ഫയലുകൾ തീർപ്പാകാതെ പ്രസ്തുത സെക്ഷനിൽ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി സമർപ്പിച്ച പൊന്നാനി ബിയ്യം ആരോഗ്യ ഉപകേന്ദ്രത്തിന്റെ ഫയൽ No.75907/DB/14 e-file No.110192/15 എന്നാണ് സെക്ഷനിൽ എത്തിയത് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത ഫയൽ ഫിനാൻസ് അംഗീകരിച്ച് നോഡൽ സെന്ററിൽ നിന്നും 18-2-2015 ന് എൽ.എസ്.ജി.ഡി., ഡി.ബി. യിലേക്ക് അയച്ചിട്ട് നാളിതുവരെ അതിന്റെ ഭരണാനുമതിക്കുള്ള ഓർഡർ ഇറക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത സെക്ഷനിൽ നിന്നും താമസംവിനാ ഫയലുകൾ തീർപ്പാക്കുന്നതിനും, ഓർഡറുകൾ ഇറക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കാമോ?

## ഉറവിട മാലിന്യ സംസ്കരണ പദ്ധതി

3196. ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ്
ശ്രീ.പി.സി. ജോർജ്
,, എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്ന പദ്ധതിക്ക് വേണ്ടത്ര പ്രചാരണം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജൈവമാലിന്യം ഉപയോഗിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾ കൂടുതൽ പ്രചാരത്തിലാക്കുന്നതിനായി ആയതിന്റെ സബ്സിഡി ഘടനയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക

വകയിരുത്തുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുമോ?

<u>വയോജന നയം</u>

3197. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വയോജന നയം രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണെന്നറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ എണ്ണം എടുത്തിട്ടുണ്ടോ ; അറുപത് വയസ് മുതൽ മുകളിലേക്കുള്ള ഏജ്ഗ്രൂപ്പിലുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണെന്നറിയിക്കുമോ ;

(സി) വയോജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ഡി) പഞ്ചായത്തുകൾ തോറും വൃദ്ധജനങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി വയോജന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) വൃദ്ധരുടെ വർദ്ധനവ് മുൻകൂട്ടികണ്ട് ഭാവിയിൽ വൃദ്ധരുടെ ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ആശ്രയ പദ്ധതി</u>

3198. **ശ്രീ.കെ.മുരളീധരൻ**
**,,** ഹൈബി ഈഡൻ
**,,** എ.പി.അബ്ദുള്ളക്കുട്ടി
**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഗ്രാമ യാത്രാ പദ്ധതി

3199. ശ്രീ.പാലോട് രവി

,, ഡൊമിനിക് പ്രസന്റേഷൻ

,, വർക്കല കഹാർ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ യാത്രാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ശേഷിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ

3200. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇത് നടപ്പിലാക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ; ഇത് എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മണൽ വാരുന്നതിനുള്ള മാനദണ്ഡങ്ങൾ

3201. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ നദികളിൽ നിന്നും പുഴകളിൽ നിന്നും മണൽ വാരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇപ്രകാരം വാരുന്ന മണൽ അതത് ജില്ലകളിൽ മാത്രമേ വിതരണം ചെയ്യാവൂ എന്ന നിർദ്ദേശമുണ്ടോ;

(ബി) പുഴകളിൽ നിന്നും മണൽ ലഭ്യമല്ലാത്ത ആലപ്പുഴ ജില്ലയിലേയ്ക്ക് റെസിഡൻഷ്യൽ കൺസ്ട്രക്ഷൻ ലക്ഷ്യത്തിനായി കോട്ടയത്ത് നിന്നും മണൽ പാസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ റോഡ് പ്രവൃത്തികൾ

3202. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ 2014-2015 വർഷം നിർദ്ദേശിപ്പെട്ട പയ്യോളി പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളും മുടാടി പഞ്ചായത്തിൽ എൽ.എസ്.ജി.ഡി. മുഖേന നടപ്പിലാക്കുന്ന പുറക്കൽ പാറക്കാട് ജി.എൽ.പി. സ്കൂൾ പ്ലേഗ്രൌണ്ട് നിർമ്മാണ പ്രവൃത്തിയും സംബന്ധിച്ച പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ച്, സ്ഥലം MLAയിൽ നിന്ന് കത്ത് അതാത് പഞ്ചായത്തിൽ ലഭിച്ചത് എന്നാണ് എന്ന് വിശദമാക്കാമോ;

(സി) എസ്റ്റിമോറ്റ് തയാറാക്കുന്നതിനായി ഈ കത്ത്/നിർദ്ദേശം അതാത് എ.ഇ മാർക്ക് എന്നാണ് നൽകിയത് എന്നും എ.ഇ.മാർ പ്രവൃത്തി നടക്കുന്ന സൈറ്റ് എന്നു സന്ദർശിച്ചു എന്ന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി ആരംഭിച്ചു എന്നും എന്നാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് എന്നും വിശദമാക്കാമോ;

(ഡി) മേൽ പറഞ്ഞ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇത് വരെയും സെക്രട്ടേറിയറ്റിലോ ധനകാര്യ വകുപ്പിലോ എ.എസ്.നായി എൽ.എസ്.ജി.ഡി. സമർപ്പിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 31/3/2015 - നകം ധനകാര്യ വകുപ്പിൽ എത്തേണ്ട LAC-ADS വർക്കുകൾ ധനകാര്യവകുപ്പിൽ എത്താത്ത സാഹചര്യത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

## തീരദേശ പരിപാലന നിയമം

3203. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അനുമതി നൽകുമ്പോൾ പരിഗണിക്കുന്ന വ്യവസ്ഥകൾ/മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം കാര്യങ്ങളാണ് അനുമതി നൽകുന്നതിനായി കെ.സി.ഇസഡ്.എം .എ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>തെരുവ് നായ്ക്കളുടെ നിയന്ത്രണം</u>

T 3204. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കൾ വഴിയാത്രക്കാരെയും സ്കൂൾ വിദ്യാർത്ഥികളെയും ആക്രമിച്ച എത്ര കേസുകൾ കഴിഞ്ഞ ആറ് മാസങ്ങൾക്കിടയിൽ ഉണ്ടായി എന്നു വ്യക്തമാക്കാമോ; ഇത്തരം കേസുകൾ ഉണ്ടാകാതിരിക്കുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) തെരുവു നായ്ക്കളെ നിയന്ത്രിക്കാനോ പുനരധിവസിപ്പിക്കാനോ ശ്രമിക്കാതെ ജനങ്ങളെ ഭീതിയുടെ മുൾമുനയിൽ നിർത്തി തെരുവു നായ്ക്കളെ അനുസ്യൂതം വിഹരിക്കുവാൻ അനുവദിക്കുന്നതിലൂടെ എന്താണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ; തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതും പുനരധിവസിപ്പിക്കുന്നതും വിലക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് നൽകിയിട്ടുണ്ടോ എന്നു വിശദമാക്കുമോ?

<u>ശുചിത്വ കേരളം പദ്ധതി</u>

3205. ശ്രീ.സണ്ണി ജോസഫ്
,, പി.സി വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ശുചിത്വ ഗ്രാമം പദ്ധതി</u>

3206. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശുചിത്വ ഗ്രാമം പദ്ധതി ആര് മുഖേനയാണ് നടപ്പിലാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

## ഖനനാനുമതി

3207. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ആഘാതപഠനം, മൈനിംഗ് പ്ലാൻ എന്നിവ ഇല്ലാതെ മൈനിംഗ് ലൈസൻസ് നൽകിയതായി ഏതെങ്കിലും പഞ്ചായത്തുകൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾക്കെതിരെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## ചാരുംമൂട് പുതിയ പഞ്ചായത്ത്

3208. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരുംമൂട് കേന്ദ്രീകരിച്ച് പഞ്ചായത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ അന്തിമമായ വിജ്ഞാപനം പുറത്തിറങ്ങിയിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട ചാരുംമൂട് പഞ്ചായത്തിന്റെ അതിർത്തികൾ അന്തിമമായി തീരുമാനിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ പഞ്ചായത്തുകളിലെ ഏതൊക്കെ വാർഡുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നിലവിൽ പുറത്തിറങ്ങിയ അന്തിമ വിജ്ഞാപനത്തിൽ ഏതൊക്കെ വാർഡുകളാണുൾപ്പെടുത്തിയിട്ടുള്ളത്?

<u>കുടിവെള്ള ക്ഷാമം</u>

3209. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ വീടുകൾക്കും സബ്സിഡി നിരക്കിൽ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

<u>വൈപ്പിൻ മണ്ഡലത്തിലെ അനുമതി ലഭിക്കാത്ത വീടുനിർമ്മാണ അപേക്ഷകൾ</u>

3210. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽപ്പെടുന്നു എന്ന കാരണത്താൽ വീട്ടുനമ്പർ ലഭിക്കുന്നതിനും വീട് നിർമ്മിക്കുന്നതിനും അപേക്ഷ നൽകിയിട്ടും ഇതുവരെ അനുമതി ലഭിക്കാത്തവരായി എത്ര അപേക്ഷകരാണ് വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2013-14 കാലയളവിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി വിവിധ പഞ്ചായത്തുകളിൽ എത്ര അപേക്ഷ ലഭിച്ചുവെന്നും എത്രയെണ്ണത്തിന്മേൽ പഞ്ചായത്ത് തലത്തിൽ അനുമതി നൽകിയെന്നും വ്യക്തമാക്കാമോ;

(സി) മേൽ കാലയളവിൽ എത്ര അപേക്ഷകളാണ് കെ.സി.ഇസഡ്.എം.എ യ്ക്ക് സമർപ്പിച്ചതെന്നും എത്ര അപേക്ഷകളിൽ അനുകൂല തീരുമാനം ഉണ്ടായി എന്നും വ്യക്തമാക്കാമോ?

<u>കരുണാപുരം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ തെരഞ്ഞെടുപ്പ്</u>

3211. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുണാപുരം ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ വാർഡ് തല തെരഞ്ഞെടുപ്പ് ,സി.ഡി.എസ് തെരഞ്ഞെടുപ്പ് എന്നിവ എന്നാണ് നടന്നത് ?

(ബി) തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം തടഞ്ഞുവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്;

(സി) സി.ഡി.എസ്-ന്റെ പ്രവർത്തനം ഇല്ലാത്തതിനാൽ എ.ഡി.എസ് പ്രവർത്തനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ അവതാളത്തിലാകാൻ ഇടയായ സാഹചര്യം പരിശോധിക്കുമോ; അടിയന്തിരമായി പുതിയ ഭാരവാഹികൾക്ക് ചാർജ്ജ് എടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ?

## കുടുംബശ്രീ തൊഴിൽ പദ്ധതി

3212. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, പാലോട് രവി

,, സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതിയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി കേന്ദ്രം നൽകുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

## നഗരസഭകളിലെ നികുതി പരിഷ്കരിക്കരണം

3213. ശ്രീ.എസ്.ശർമ്മ

,, ടി.വി.രാജേഷ്

,, പി.ടി.എ. റഹീം

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളുടെ അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾക്കുപോലും പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിയ്ക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിലെ നികുതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം പരിഷ്കാരങ്ങളാണ് ഈ മേഖലയിൽ വരുത്തിയിട്ടുള്ളത് എന്നറിയിയ്ക്കുമോ?

<u>ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ കുടിവെള്ള പദ്ധതിൾക്ക് ഭൂമി</u>

3214. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, പേരാമ്പ്ര മണ്ഡലങ്ങളിലെ ഗ്രാമപഞ്ചായത്തുകളിൽ ജല അതോറിറ്റി ആരംഭിക്കുന്ന കുടിവെള്ള പദ്ധതിക്ക് ടാങ്കുകൾ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനും പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടാമോ;

(സി) ജലവിതരണത്തിന് മറ്റ് പഞ്ചായത്തുകളിൽ ടാങ്ക് സ്ഥാപിക്കേണ്ടിവരുന്ന പഞ്ചായത്തുകൾക്ക് അവിടെ ഭൂമി വാങ്ങുന്നതിന് അനുമതി നൽകാമോ?

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ എൽ.എ.സി. എ.ഡി.എസ്-ൽ ഉൾപ്പെടുന്ന പ്രവൃത്തികൾ</u>

3215. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എൽ.എ.സി. എ.ഡി.എസ്-ൽ ഉൾപ്പെടുന്ന ഏതെല്ലാം പ്രവൃത്തികളാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നതെന്നും ഓരോ പ്രവൃത്തിയുടേയും നിമ്മാണം ഏത് ഘട്ടത്തിലാണെന്നും കരാർ തുക എത്ര വീതമാണെന്നും കരാർ എടുത്തിരിക്കുന്നത് ആരൊക്കെയാണെന്നും ഓരോ പ്രവൃത്തിയും പൂർത്തിയാക്കേണ്ട തീയതി ഏതാണെന്നും വിശദമാക്കാമോ;

(ബി) എൽ.എസ്.ജി.ഡി.യിലെ പല സെക്ഷനുകളിലും ടൈപ്പിസ്റ്റുമാരില്ലാത്തത് മൂലം എൽ.എ.സി. എ.ഡി.എസ്. പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാകാൻ

കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>കൊമേഴ്സ്യൽ കെട്ടിടങ്ങൾക്കുള്ള പഞ്ചായത്തുടാക്സ് വർദ്ധനവ്</u>

3216. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊമേഴ്സ്യൽ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ പഞ്ചായത്തുകൾ ഈടാക്കുന്ന ടാക്സ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ മുമ്പുണ്ടായിരുന്ന നിരക്കിനെക്കാൾ എത്രമടങ്ങാണ് വർദ്ധിപ്പിച്ചത് എന്നു പറയാമോ ; ഇപ്രകാരം പഞ്ചായത്ത ടാക്സ് വർദ്ധിപ്പിച്ചതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് പറയാമോ

(ബി) മേൽപ്പറഞ്ഞ തരത്തിൽ പുതുക്കിയ നിരക്കുപ്രകാരം സർക്കാരിന് ലഭിക്കേണ്ട ടാക്സ് പൂർണ്ണമായും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പറയാമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) കൊമേഴ്സ്യൽ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ ടാക്സ് അഞ്ഞൂറോ അറുനൂറോ മടങ്ങായി വർദ്ധിപ്പിച്ചതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഇപ്രകാരം അമിതമായി വർദ്ധിപ്പിച്ച ടാക്സ് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാര വിതരണം</u>

3217. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര കുടിപ്പള്ളിക്കൂടങ്ങൾ പ്രവർത്തിക്കുന്നു ; അവിടെ പഠിക്കുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ എണ്ണം എത്ര ; വ്യക്തമാക്കുമോ ;

(സി) കുടിപ്പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്മശാനങ്ങളുടെ നിർമ്മാണം</u>

3218. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്മശാനങ്ങളുടെ നിർമ്മാണത്തിനായി തദ്ദേശഭരണ വകുപ്പിൽ നിന്നും പഞ്ചായത്തുകൾക്ക് നല്കി വരുന്ന തുക എത്രയെന്നു വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങളും നിലവിലുള്ള സ്ഥിതിയും വെളിപ്പെടുത്തുമോ;

(സി) ശ്മശാന നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ ലഭ്യമാക്കിയാൽ നിർമ്മാണ തുക സർക്കാർ ലഭ്യമാക്കുമോ?

## കെട്ടിടനികുതി വർദ്ധിപ്പിച്ചതുമൂലമുള്ള ബുദ്ധിമുട്ടുകൾ

3219. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനികുതി വർദ്ധിപ്പിച്ചതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ അനുമതി നൽകിയ വർദ്ധനവിനേക്കാൾ കൂടുതൽ നിരക്കിൽ ചില പഞ്ചായത്തുകൾ നികുതി ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(സി) നികുതി വർദ്ധനവ് പൊതുജനങ്ങൾക്ക് കനത്ത സാമ്പത്തിക ഭാരം ഉണ്ടാക്കുന്ന സാഹചര്യത്തിൽ വർദ്ധനവ് പുനഃപരിശോധിക്കുന്നതിനും പിൻവലിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

## അട്ടപ്പാടിയിലെ എസ്,സി .പി ,ടി .എസ് ,പി ഫണ്ട്

3220. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ 3 ഗ്രാമപഞ്ചാത്തുകളിലും ബ്ലോക്ക് പഞ്ചായത്തിലും കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എസ്,സി .പി ,ടി .എസ് ,പി ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നു ;

(ബി) ഈ നാല് സ്ഥാപനങ്ങളിലും കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ എസ്,സി .പി ,ടി .എസ് ,പി ഫണ്ടുകൾ എത്രയായിരുന്നു ; അതിൽ എത്ര രൂപയാണ് ഓരോ വർഷവും ചിലവഴിച്ചത് ;

(സി) ഈ നാല് സ്ഥാപനങ്ങളും കഴിഞ്ഞ മൂന്ന് വർഷമായി എസ്,സി .പി ,ടി .എസ് ,പി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഫണ്ട് വിനിയോഗം ഫലപ്രദമായിരുന്നോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

## ഇൻഫർമേഷൻ കേരള മിഷൻ

3221. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിലെ(ഐ കെ.എം ) ജീവനക്കാരുടെ സർവ്വീസ് റൂൾസ്, സ്റ്റാഫ് ഘടന, ശമ്പള പരിഷ്ക്കരണം തുടങ്ങിയവ നടപ്പിലാക്കുന്നതിനായി കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് നിയമിച്ചത്;

(ബി) കമ്മിറ്റി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ;

(സി) റിപ്പോർട്ട് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) റിപ്പോർട്ട് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ്

3222. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് എന്തൊക്കെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വോട്ടർ പട്ടികയ്ക്ക് അന്തിമ രൂപം നൽകുന്നതിനും വാർഡുകൾ വിഭജിക്കുന്നതിനും ആവിഷ്ക്കരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) അന്തിമ വോട്ടർ പട്ടിക എന്നത്തേക്ക് പുറത്തിറക്കാനാകുമെന്ന് അറിയിക്കുമോ?

## തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ ഒഴിവുകൾ

3223. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഓവർസിയർ എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ; ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

3224. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.ബി.സത്യൻ
,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എല്ലാവർഷവും ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ നിർവ്വഹിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവന്നത് ;

(ബി) ഈ പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞുവോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇങ്ങനെ അവസാന നാളുകളിൽ ധൃതിപിടിച്ച് പദ്ധതി നടപ്പിലാക്കുന്നത് പദ്ധതിയുടെ നിലവാരത്തെ പ്രതികൂലമായി ബാധിക്കില്ലേ ; ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

3225. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ
,, എം. ഹംസ
,, എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി പദ്ധതി വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) ത്രിതല പഞ്ചായത്ത് വികസന മേഖലയിലും സേവന മേഖലയിലും നടപ്പ സാമ്പത്തിക വർഷം പൂർത്തീകരിച്ച പദ്ധതികൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ചെലവഴിച്ചതിന്റെ കണക്ക് ജില്ല തിരിച്ചുള്ളത് ലഭ്യമാണോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റിംഗ്

3226. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ഓഡിറ്റിംഗ് നടത്തുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം ഓഡിറ്റിംഗിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

## അനാഥകുട്ടികളുടെ ജനന തീയതി

T 3227. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെടുന്നവരും അനാഥാലയങ്ങളിൽ താമസിക്കുന്നവരുമായ കുട്ടികളുടെ ജനന തീയതി കണക്കാക്കുന്നതിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ കുട്ടികളുടെ ജനന തീയതി സംബന്ധിച്ച കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വർദ്ധിപ്പിച്ച വീട്ടുകരം

3228. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നടപ്പിലാക്കി തുടങ്ങിയ വർദ്ധിപ്പിച്ച വീട്ടുകരത്തിന്റെ നിരക്കിൽ കുറവു വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വർദ്ധിപ്പിച്ച വീട്ടുകരം ഈ സാമ്പത്തിക വർഷം മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ കുടിശ്ശിക ജനങ്ങളിൽ നിന്നും ഈടാക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(ബി) പുതിയ വീട്ടുകരം സംബന്ധിച്ച ഉത്തരവ് ഇറങ്ങിയത് എന്നാണ് ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ; പ്രസ്തുത ഉത്തരവ് മരവിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വീട്ടുകരം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പഞ്ചായത്തുകൾ

3229. **ശ്രീ.ആർ . സെൽവരാജ് :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം, അതിയന്നൂർ എന്നീ പഞ്ചായത്തുകൾ എന്നു മുതലാണ് നിലവിൽ വന്നതെന്നും, പ്രസ്തുത പഞ്ചായത്തുകളിൽ പ്രസിഡന്റുമാരായി നാളിതുവരെ പ്രവർത്തിച്ചവരുടെ പേരും, കാലാവധിയും ഉൾപ്പെടുന്ന പട്ടികയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## നെയ്യാറ്റിൻക്കര മണ്ഡലത്തിലെ തൊഴിൽ കരം ഈടാക്കുന്ന സ്ഥാപനങ്ങൾ

3230. **ശ്രീ.ആർ . സെൽവരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻക്കര മണ്ഡലത്തിലെ ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം, അതിയന്നൂർ എന്നീ പഞ്ചായത്തുകളിൽ തൊഴിൽ കരം ഈടാക്കുന്ന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല, കല്യാണമണ്ഡപങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് അതത് പഞ്ചായത്തുകളിൽ ലഭ്യമാണോ;

(ബി) തൊഴിൽ കരം ഈടാക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, വിലാസം, ഫോൺ നമ്പർ എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനു കർമ്മ പദ്ധതി

3231. **ശ്രീ.ഹൈബി ഈഡൻ**

**,,** തേറമ്പിൽ രാമകൃഷ്ണൻ

**,,** കെ.ശിവദാസൻ നായർ

**,,** ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വികസിപ്പിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഗ്രാമപഞ്ചായത്തുകളെ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>പൂർത്തീകരിക്കാത്ത തദ്ദേശസ്വയംഭരണ പ്രവർത്തികൾ</u>

3232. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ പൂർത്തീകരിക്കാത്തതോ നടപ്പാക്കാത്തതോ ആയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയം നീട്ടി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എത്രകോടി രൂപയുടെ പദ്ധതികളാണ് ഇപ്രകാരം പൂർത്തീകരിക്കാൻ ഉണ്ടായിരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) അതത് വർഷം തന്നെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്നത് എന്ത് കൊണ്ടാണെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) തുടർപദ്ധതികൾ പൂർത്തീകരിക്കാൻ നീട്ടി നൽകിയ സമയത്തിനുള്ളിൽ എത്ര കോടി രൂപ ചെലവഴിച്ചു ; ഇനിയും സമയം നീട്ടിനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ഇ) പദ്ധതികൾ പൂർത്തീയാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം</u>

3233. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്;

(ബി) പ്രാദേശികമായുണ്ടാകുന്ന ജലലഭ്യതയും ജല ഉപഭോഗവും കൃത്യമായി കണക്കാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രാദേശിക തലത്തിലെ ശുദ്ധജല സ്രോതസ്സുകൾ നിലനിർത്തുന്നതിനും

മാലിന്യമുക്തമാക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്;

(ഡി) ഇത്തരം കാര്യങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു പ്രാദേശിക ജലനയം രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഗ്രാമപഞ്ചായത്തുകളിൽ ബ്രോഡ് ബ്രാൻഡ് കണക്ടിവിറ്റി

3234. ശ്രീ.പി.സി. ജോർജ്

ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ബ്രോഡ് ബ്രാൻഡ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

## ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ നിയമനം

T 3235. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25.8.2011 ലെ ആലപ്പുഴ ജില്ലാപഞ്ചായത്ത് യോഗം, 1997 മുതൽ ആലപ്പുഴ ജില്ലപഞ്ചായത്ത് ഓഫീസിൽ വിവിധ തസ്തികളിൽ ജോലി നോക്കി വന്നിരുന്ന ശ്രീ. വി. സുരേഷ്, ശ്രീമതി ഇ.വി. ദീപ്തി, ശ്രീ. ആർ.എം.സാബു എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്ന വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഒരോ ജീവനക്കാരും ഇന്ന് എതെല്ലാം തസ്തികകളിൽ ഇരുന്നുകൊണ്ട് എന്തെല്ലാം അധികചുമതലകൾ കൂടി നിർവഹിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) 14 വർഷത്തിലധികമായി ജില്ലാപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമനം സംബന്ധിച്ച ഫയൽ തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ പരിഗണനയ്ക്കായി നിലവിലുണ്ടോ;

(ഇ) പി.എസ്.സി വഴി യോഗ്യത നേടാനുള്ള പ്രായപരിധി കഴിഞ്ഞ ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ നൽകിയ ഫണ്ട്</u>

3236. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകൾക്കും സർക്കാർ നൽകിയിട്ടുള്ള ഫണ്ട് മേഖല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ കാലയളവുകളിൽ ഓരോ ഗ്രാമപഞ്ചായത്തുകളും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് മേഖല തിരിച്ച് ലഭ്യമാക്കാമോ;

(സി) 2007-2008 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകൾക്കും സർക്കാർ നൽകിയിട്ടുള്ള ഫണ്ട് മേഖല തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകളും ചെലവഴിച്ച തുക മേഖല തിരിച്ച് ലഭ്യമാക്കാമോ?

<u>ക്ഷേമ പെൻഷനുകളുടെ വാർഷിക വരുമാന പരിധി</u>

T 3237. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകുന്ന ക്ഷേമ പെൻഷനുകളുടെ വാർഷിക വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ.

(ബി) കർഷകതൊഴിലാളി പെൻഷന്റെ വാർഷിക പരിധി ഉയർത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>നിർഭയ ഷെൽട്ടറുകൾ</u>

3238. **ശ്രീ.വി.റ്റി.ബൽറാം**

**,,** ടി.എൻ. പ്രതാപൻ

**,,** എം.പി.വിൻസെൻറ്

**,,** ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും

സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

<u>പാവപ്പെട്ടവരുടെ പെൺമക്കൾക്കുള്ള വിവാഹത്തിന് ധനസഹായം</u>

3239. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ വഴി പാവപ്പെട്ടവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര പേർക്ക് വിവാഹ ധനസഹായം അനുവദിച്ചു എന്നും എത്ര തുക അനുവദിച്ചു എന്നും വെളിപ്പെടുത്തുമോ ;

(സി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത വർഷങ്ങളിൽ എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് പൂർണ്ണമായ മേൽവിലാസ സഹിതം അറിയിക്കുമോ ;

(ഡി) പ്രസ്തുത ധനസഹായം തുടർന്ന് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഷീ ടാക്സി</u>

3240. **ശ്രീ.കെ.എം.ഷാജി**

**,,** പി.ബി. അബ്ദുൾ റസാക്

**,,** അബ്ദുറഹിമാൻ രണ്ടത്താണി

**,,** എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ആവിഷ്കരിച്ച ഷീ ടാക്സി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് ( ഷീ ടാക്സി ഓടിക്കുന്നവർ ) വ്യക്തമാക്കുമോ;

(സി) ഗുണഭോക്താക്കൾക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാൻ ഉതകുന്ന പരിഷ്കരണ നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമുള്ള പദ്ധതി</u>

3241. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം, പോഷകാഹാര വിതരണം, പകർച്ചവ്യാധികൾ തടയൽ തുടങ്ങിയവയ്ക്ക് സാമൂഹ്യനീതി വകുപ്പ് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള ഓരോ പദ്ധതികൾക്കുമായി 2014-15 സാമ്പത്തിക വർഷം എത്ര തുക നീക്കിവച്ചിരുന്നു; ആയതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ആറുവയസ്സിനു താഴെയുള്ള കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ തുടങ്ങിയവ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പീഡനത്തിനും അതിക്രമങ്ങൾക്കും വിധേയരായ കുട്ടികൾ എത്ര; ഇതിൽ മരണപ്പെട്ടവർ എത്ര; ഇവരിൽ സർക്കാർ സഹായത്തോടെ പുനരധിവസിപ്പിക്കപ്പെട്ടവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കാലയളവുകളിൽ പോഷകാഹാരക്കുറവുമൂലവും പകർച്ചവ്യാധിമൂലവും മരണപ്പെട്ട കുട്ടികൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരകളായ കുട്ടികളുടെ കേസ്സുകളിൽ എത്ര കേസ്സുകളിൽ ഇനിയും പ്രതികളെ കണ്ടെത്തുവാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ജി) പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയരായ കുട്ടികൾക്ക് മാതാപിതാക്കളിൽ നിന്നും മാതാപിതാക്കളുടെ കുടുംബങ്ങളിൽ നിന്നും സുരക്ഷ ഉറപ്പില്ലാത്ത കേസ്സുകളിൽ കുട്ടികളെ സാമൂഹ്യനീതി വകുപ്പിന്റെ സംരക്ഷണയിൽ വളർത്തുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>അഗതി പെൻഷൻ</u>

3242. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗതികൾക്കുള്ള പെൻഷൻ വാങ്ങുന്നവരുടെ എണ്ണം എത്രയാണ് ; ഇവർക്ക് നല്കിവരുന്ന പ്രതിമാസ പെൻഷൻ തുക എത്രയാണ് ;

വ്യക്തമാക്കുമോ;

(ബി) അഗതികൾക്കുള്ള പെൻഷൻ എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യുവാനുണ്ടെന്നറിയിക്കുമോ ;

(സി) അഗതികൾക്കുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുവാൻ എത്ര തുക വേണ്ടിവരുമെന്ന് പറയാമോ ;

(ഡി) അഗതികൾക്കുള്ള പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

## വിവിധ ക്ഷേമ പെൻഷനുകൾ

3243. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

## മാതൃകാ അംഗൻവാടികൾ

3244. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അംഗൻവാടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ; സംസ്ഥാനത്ത് ആകെയും കോട്ടയം ജില്ലയിലും എത്ര മാതൃകാ അംഗൻവാടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാതൃക അംഗൻവാടികളുടെ നിർമ്മാണത്തിനുള്ള സാമ്പത്തിക സ്രോതസ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവർത്തനം ആരംഭിച്ച മാതൃക അംഗൻവാടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## അരൂർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

3245. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് ഏറ്റെടുത്ത് നടത്തിയിട്ടുള്ള പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

## പ്രത്യാശ പദ്ധതി

3246. ശ്രീ.എസ്.രാജേന്ദ്രന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2014 ല്‍ 'പ്രത്യാശ' പദ്ധതി മുഖേനയുള്ള ധനസഹായത്തിനായി ഇടുക്കി ജില്ലയില്‍ നിന്നും എത്ര അപേക്ഷകള്‍ ലഭിച്ചു; എത്ര പേര്‍ക്ക് ധനസഹായം നല്‍കുകയുണ്ടായി; ഇനി എത്ര പേര്‍ക്ക് ധനസഹായം നല്‍കാനുണ്ട്; എത്ര അപേക്ഷകള്‍ നിരസിച്ചു; വിശദാംശം നല്‍കാമോ;

(ബി) പ്രത്യാശ സ്കീം, മാനദണ്ഡങ്ങള്‍ എന്നിവ സംബന്ധിച്ച വിശദാംശം നല്‍കാമോ;

(സി) ധനസഹായത്തിനായി 60 ദിവസം മുന്‍പേ അപേക്ഷ നല്‍കണം എന്ന നിബന്ധനയില്‍ ഇളവ് വരുത്തുമോ;

(ഡി) പ്രത്യാശ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷയുടെ പകര്‍പ്പ് ലഭ്യമാക്കുമോ?

## അങ്കമാലി നിയോജക മണ്ഡലത്തിലെ അംഗനവാടിയെ മാതൃകാ അംഗനവാടി പദ്ധതിയില്‍ ഉള്‍പ്പെടുത്തല്‍

3247. ശ്രീ.ജോസ് തെറ്റയില്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ വാര്‍ഡ് മൂന്നില്‍ പ്രവര്‍ത്തിക്കുന്ന 47-ാം നമ്പര്‍ അംഗനവാടിയെ മാതൃകാ അംഗനവാടി പദ്ധതിയില്‍ ഉള്‍പ്പെടുത്തുന്നതിനായി 6-2-2014 -ല്‍ സമര്‍പ്പിച്ചിരുന്ന നിവേദനത്തിന്മേല്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ സ്വീകരിച്ച നടപടി എന്താണെന്നും ആയത് അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കാമോ?

## ബാലാവകാശ കമ്മീഷന്‍

3248. ശ്രീ.ഇ.ചന്ദ്രശേഖരന്‍
,, ഇ.കെ.വിജയന്‍
,, കെ.അജിത്
ശ്രീമതി.ഇ.എസ്.ബിജിമോള്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളും അവകാശ നിക്ഷേധങ്ങളും സംബന്ധിച്ചിട്ടുള്ള പരാതികൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പരാതികളെ സംബന്ധിച്ചുള്ള അന്വേഷണം ഏതു രീതിയിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ബാലാവകാശ കമ്മീഷൻ നിലവിലുണ്ടോ ; ഈ കമ്മീഷന്റെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ബാലാവകാശ കമ്മീഷനുകീഴിൽ പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി വിരമിച്ച പോലീസുകാരുടെ സേവനം ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

## വയോമിത്രം പദ്ധതി

3249. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വയോമിത്രം പദ്ധതി' ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയത്; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നുണ്ട്?

## മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ നൽകുന്ന പദ്ധതി

3250. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാഹനങ്ങൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതിയ്ക്ക് കൂടുതൽ ഫണ്ട് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രപേർക്ക് വാഹനങ്ങൾ വിതരണം ചെയ്തു; വിശദാംശം നൽകുമോ?

## ഹീമോഫീലിയ രോഗികൾക്ക് ധനസഹായം

3251. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഹീമോഫീലിയ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര രോഗികൾക്കാണ് തുക നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ തുക ജില്ലയിൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

<u>ചാലക്കുടി, കൊടകര ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിലുള്ള അംഗൻവാടികളുടെ നവീകരണം</u>

3252. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചാലക്കുടി, കൊടകര ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിലുള്ള ഏതെല്ലാം അംഗൻവാടികളുടെ നവീകരണത്തിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

<u>അംഗൻവാടി</u>

3253. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഇതുവരെ എത്ര മാതൃകാ അംഗൻവാടിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മാതൃകാ അംഗൻവാടിക്കും എത്ര വീതം തുകയാണ് ഗവൺമെന്റ് അനുവദിച്ചതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് കുട്ടികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(സി) എലത്തൂർ നിയോജക മണ്ഡലത്തിൽ ഏത് അംഗൻവാടിയെയാണ് മാതൃകാ അംഗൻവാടിയായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

<u>മാവേലിക്കര മണ്ഡലത്തിലെ അംഗൻവാടികൾ</u>

3254. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര അംഗൻവാടികളാണ് ഉള്ളതെന്നും അവ ഏതൊക്കെയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്വന്തമായി സ്ഥലമുള്ളവ / സ്ഥലവും കെട്ടിടവുമുള്ളവ ഏതൊക്കെയെന്ന് തരംതിരിച്ച് വിശദമാക്കുമോ;

(സി) വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ വിശദമാക്കുമോ?

## സമൂഹത്തിലെ ദുർബ്ബലർക്ക് സാമൂഹികക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

3255. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദുർബ്ബലർ, അശരണർ, ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്നവർ, അംഗപരിമിതർ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹികക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത്; അപേക്ഷയുടെ മാതൃക വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മേൽപ്പറഞ്ഞ ഓരോ പദ്ധതിയും നടപ്പാക്കുന്നതിനായി എത്ര തുക ചെലവഴിച്ചു എന്ന് പദ്ധതിയുടെ പേരും വർഷവും സഹിതം വ്യക്തമാക്കുമോ?

## പട്ടികജാതി, പട്ടികവർഗ്ഗ സാമൂഹ്യക്ഷേമ പദ്ധതികൾ

3256. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് വഴി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## ഡിസബിലിറ്റി സർവ്വേ

3257. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സർവ്വേ നടത്താൻ 2014-15 ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത സർവ്വേ നടത്തിയിട്ടുണ്ടോ; ഇതിനായി എത്ര രൂപ ചിലവഴിച്ചു;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാനാകാതെപോയ സാഹചര്യം വിശദീകരിക്കാമോ;

(ഡി) സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സർവ്വേയുമായി മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

<u>സംസ്ഥാനത്തെ അംഗൻവാടികൾ</u>

3258. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടികളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളവ എത്രയാണെന്നും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എത്രയാണെന്നും പറയാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് എത്ര അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്ന് വിശദമാക്കാമോ;

(ഇ) ഇവരിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർ എത്രപേരുണ്ടെന്നു വ്യക്തമാക്കുമോ?

<u>അംഗനവാടികൾ വഴി ഭക്ഷ്യവസ്തുക്കൾ</u>

3259. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗനവാടികൾ വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(ബി) അംഗനവാടി കുട്ടികൾക്ക് ഭക്ഷ്യവസ്തുക്കളായി എന്തൊക്കെയാണ് നൽകുന്നത് ; അളവ് വ്യക്തമാക്കുമോ ;

(സി) ഗുണമേന്മയില്ലാത്ത ഭക്ഷ്യവസ്തുക്കൾ അംഗനവാടികൾ വഴി വിതരണം ചെയ്യുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പാലിയേറ്റീവ് കെയർ പദ്ധതി

3260. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ**

**,, വി.ചെന്താമരാക്ഷൻ**

**,, എ. പ്രദീപ്കുമാർ**

**,, സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിയേറ്റീവ് കെയർ പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ സേവനം നടത്തുന്ന നഴ്സുമാരുടെ മാസവേതനം നിലവിൽ എത്ര രൂപയാണ്;

(സി) ഇത് വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നുവോ; പ്രഖ്യാപിച്ച നിലയിൽ വേതനം നഴ്സുമാർക്ക് ലഭ്യമായിത്തുടങ്ങിയോ;

(ഡി) പദ്ധതി വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

## ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ

3261. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവരുടെ പ്രതിമാസ പെൻഷൻ തുക എത്രയാണ്;

(സി) എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യുവാനുണ്ട്;പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുവാൻ എത്ര തുക വേണ്ടിവരുമെന്നു വ്യക്തമാക്കുമോ;

(ഡി) കുടിശ്ശിക കൊടുത്തു തീർക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

## വാർദ്ധക്യകാല പെൻഷൻ

3262. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷൻ കുടിശ്ശികയായിട്ടുണ്ടോ;

(ബി) എങ്കിൽ കുടിശ്ശികയാകാനുള്ള സാഹചര്യം വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് മുൻപിൽ കേസ്സ് നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കേസ്സ് സംബന്ധിച്ച് എന്തെങ്കിലും വിധി പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിധിയുടെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>സാമൂഹ്യസുരക്ഷാ പെൻഷനുകൾ</u>

3263. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നൽകിവരുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ ഓരോന്നും എത്ര തവണ വീതം കുടിശ്ശികയായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>അഗതിമന്ദിരങ്ങൾ</u>

3264. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അഗതിമന്ദിരങ്ങൾക്ക് സർക്കാർ ഗ്രാന്റായി എത്ര തുകയാണ്നൽകുന്നത്;

(ബി) 2012-13, 2013-14 വർഷത്തെ ഗ്രാന്റ് ഇത്തരം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(സി) ഈ ഇനത്തിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>വികലാംഗർക്കുള്ള മുച്ചക്രവാഹന വിതരണം</u>

3265. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് വികലാംഗർക്കായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മുച്ചക്രവാഹനം വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിപ്രകാരം എത്രപേർക്ക് ഇതുവരെ മുചക്രവാഹനം ചെയത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് സാമൂഹ്യക്ഷേമവകുപ്പ് അനുമതി നൽകാത്തതിന് കാരണം എന്താണ് വിശദമാക്കാമോ ;

(സി) മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസ്തുത പദ്ധതി ഈ വർഷവും നടപ്പിലാക്കിയത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ വർഷവും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആലപ്പുഴ ജില്ലാ പഞ്ചായത്തിന് സാമൂഹ്യക്ഷേമ വകുപ്പ് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

## അംഗപരിമിതർക്കുള്ള പെൻഷൻ

3266. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗപരിമിതരായവർക്കുള്ള പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എത്രയാണ് ;

(ബി) ഇവർക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുക എത്രയാണ് ;

(സി) അംഗപരിമിതരായവർക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശിക നൽകുവാനുണ്ട് ;

(ഡി) അംഗപരിമിതരായവർക്കുള്ള പെൻഷൻ കുടിശ്ശിക നൽകുവാൻ എത്ര തുക വേണ്ടിവരും ;

(ഇ) അംഗപരിമിതരായവർക്കുള്ള പെൻഷൻ കുടിശ്ശിക കൊടുത്ത തീർക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

## സാമൂഹ്യസുരക്ഷാമിഷനിലെ അഴിമതി

3267. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാമിഷനിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയെക്കുറിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികൾ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്;

(ഡി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കില കൽപിത സർവ്വകാലാശാല

3268. ശ്രീ.പി.എ.മാധവൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എ.റ്റി.ജോർജ്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയെ കൽപിത സർവ്വകാലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;എങ്കിൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

## കെട്ടിട നമ്പർ

T 3269. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബോട്ടുജട്ടിയുടെ സമീപത്തുള്ള സ്ഥലത്ത് ടൂറിസം വകുപ്പ് നിർമ്മിച്ച വിശ്രമകേന്ദ്രത്തിനും കടമുറികൾക്കും കെട്ടിട നമ്പർ ഇട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ;

(ബി) കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റിന്റെ വിശദാംശവും ലഭ്യമാക്കുമോ ;

## മാലിന്യ സംസ്കരണ കമ്പനി

3270. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഐ.സി.ബാലകൃഷ്ണൻ

,, വി.ഡി.സതീശൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(സി) കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താനാവുന്നത്; വ്യക്തമാക്കുമോ?

<u>കഴക്കൂട്ടം മുൻസിപ്പാലിറ്റി രൂപീകരണം</u>

3271. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം കേന്ദ്രമാക്കി മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മുനിസിപ്പാലിറ്റിയിൽ ആകെ എത്ര വാർഡുകൾ ഉണ്ടാകുമെന്നും വിസ്തീർണ്ണവും ജനസംഖ്യയും എത്ര വീതമെന്നും അറിയിക്കുമോ;

(സി) കോർപ്പറേഷൻ വിഭജിച്ച് മുനിസിപ്പാലിറ്റി രൂപീകരിക്കുമ്പോഴുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) തിരുവനന്തപുരം കോർപ്പറേഷൻ വിഭജിച്ച് കഴക്കൂട്ടം മുനിസിപ്പാലിറ്റി രൂപീകരിക്കുമ്പോൾ കോർപ്പറേഷന് ലഭ്യമാകുന്ന കേന്ദ്രഫണ്ടിൽ കുറവ് വരുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം അറിയിക്കുമോ?

<u>മലിന ജല സംസ്കരണം</u>

3272. **ശ്രീ.പി.എ.മാധവൻ**

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** ബെന്നി ബെഹനാൻ

**,,** കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നഗരങ്ങളിൽ മലിന ജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഏത് പദ്ധതിയുടെ ഭാഗമായാണ് മലിന ജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് സഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

വിശദമാക്കുമോ?

<u>രാജീവ് ആവാസ് യോജന</u>

3273. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ആവാസ് യോജന പദ്ധതിക്ക് ഗുണഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഉപഭോക്താക്കളുടെ അവകാശ സംരക്ഷണത്തിനും എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പദ്ധതിയിൽ ഉപഭോക്തൃ വിഹിതം നിശ്ചയിക്കുന്നതിൽ ഗുണഭോക്താവിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി പരിഗണിച്ചിട്ടുണ്ടോ?

<u>രാജീവ് റിൻ യോജന</u>

3274. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് റിൻ യോജന (ആർ ആർ വൈ) പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ഇതേവരെ ലഭിച്ചിട്ടുള്ളത് വ്യക്തമാക്കുമോ;

(ബി) അതിന്മേൽ എത്രയെണ്ണത്തിന് അനുമതി നൽകി; ഇനി എത്ര അപേക്ഷകളിൽ നടപടി സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; ?

<u>നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതു സംബന്ധിച്ച</u>

3275. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; സംഘടനകളുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടോ;

(ബി) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതുകൊണ്ട് അധിക ബാധ്യതയുണ്ടാകുമോ ; ഉണ്ടെങ്കിൽ എത്ര രൂപയുടേതാണെന്ന് അറിയിക്കാമോ?

<u>നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ</u>

3276. ശ്രീ.സി.പി.മുഹമ്മദ്

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പ്രദേശങ്ങളിലെ ഗുരുതരമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്ക്കരിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

## തൊഴിൽ കരം

3277. ശ്രീ.ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭാ പരിധിയിൽ തൊഴിൽ കരം ഈടാക്കുന്ന എല്ലാ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെയും പേര്, വിലാസം, ഫോൺ നമ്പർ എന്നിവ സഹിതമുള്ള ലിസ്റ്റ് നഗരസഭയിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിവരം തയ്യാറാക്കി ലഭ്യമാക്കാമോ?

## ക്ലീൻ കേരള മിഷൻ പദ്ധതികൾ .

3278. ശ്രീ.സി.ദിവാകരൻ

,, ചിറ്റയം ഗോപകുമാർ

,, ഇ.ചന്ദ്രശേഖരൻ

,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർട്ട്ണർ കേരള മിഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ലീൻ കേരള മിഷന്റെ ഭാഗമായി മൊത്തം എത്ര പദ്ധതികൾ തെരഞ്ഞെടുത്തു ; ഈ

പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വികസന പദ്ധതികൾക്കു വേണ്ട സ്ഥലം നഗരസഭ നൽകണമെന്നും പദ്ധതിചെലവ് പൂർണ്ണമായും സ്വകാര്യ നിക്ഷേപകർ വഹിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

<u>കായംകുളം നഗരസഭ നടപ്പാക്കിയ പ്രവൃത്തികൾ</u>

3279. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2013-2014, 2014-15 വർഷങ്ങളിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുക, പൂർത്തീകരിച്ച പ്രവൃത്തികൾ, നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

<u>പൂഞ്ചാവി ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്ഥലം</u>

3280. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ പൂഞ്ചാവി ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിന് നൽകിയ അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സെക്രട്ടേറിയറ്റ് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള DB3-65398 നമ്പർ ഫയലിൽ കാലതാമസം വരുത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഫയൽ തീർപ്പുകൽപ്പിച്ച് പൂഞ്ചാവി ഗവൺമെന്റ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനുള്ള ഉത്തരവ് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ ?

<u>അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച്.ആർ.ആന്റ് അസ്സസ്മെന്റ് പദ്ധതി</u>

3281. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച്.ആർ. ആന്റ് അസ്സസ്മെന്റ് (Usha) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര നഗരങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്;വ്യക്തമാക്കുമോ

(സി) പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഖരമാലിന്യ സംസ്കരണം

3282. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഖലമാലിന്യ സംസ്കരണത്തിന് നടപ്പിലാക്കിയ പ്രോജക്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള സംസ്കരണ യൂണിറ്റുകൾ നിലവിലില്ലാത്ത നഗരസഭകൾ സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നഗരസഭകൾക്ക് എന്തൊക്കെ ധനസഹായമാണ് നല്കുന്നതെന്ന് വ്യക്തമാക്കാമോ?

നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതി

3283. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും ഏതെല്ലാം നഗരസഭകൾ ഈ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്കരണത്തിനുമുള്ള പദ്ധതികളിൽ സർക്കാർ സാമ്പത്തിക സഹായം നൽകുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം ആവിഷ്ക്കരിച്ച പദ്ധതികൾ

3284. ശ്രീ.പി.കെ.ഗുരുദാസൻ
,, വി.ശിവൻകുട്ടി
,, കെ.രാധാകൃഷ്ണൻ
ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമൊ;

(ബി) ഇവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യകതമാക്കുമോ ;

(സി) ഇതിൽ ഇൻസിനറേറ്റർ വാങ്ങിയതിൽ വന്ന വീഴ്ചകൾ പരിശോധിച്ചിട്ടുണ്ടോ ; ഇവ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമായവ ആയിരുന്നുവോ ;

(ഡി) ഭാവിയിൽ ഇനിസിനറേറ്റർ ഉപയോഗിക്കാൻ പാട്ടുള്ളതല്ല എന്ന നിർദ്ദേശം നല്കിയിട്ടുണ്ടോ ; ഇതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

## നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ

3285. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) കൽപ്പറ്റ നഗരസഭയുടെ മാസ്റ്റർ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

## അറവുശാലകൾ

3286. ശ്രീ.എം.ഉമ്മർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എം.ഷാജി

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത അറവുശാലകൾ പെരുകുന്നതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും രോഗം ബാധിച്ചതും, ചത്തതുമായ മൃഗങ്ങളെക്കൊണ്ടുവന്ന് അനധികൃത അറവുകേന്ദ്രങ്ങളിലൂടെ വ്യാപകമായ തോതിൽ മാംസവ്യാപാരം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എത്ര നഗരസഭകളിൽ ആധുനിക സംവിധാനങ്ങളുള്ള അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

## നഗരസഭകളിൽ സൃഷ്ടിക്കപ്പെട്ട അധിക തസ്തികകൾ

3287. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തിയതുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെട്ട അധിക തസ്തികകൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അധിക തസ്തികകൾ അനുവദിക്കാനുള്ള പ്രപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

## പാർട്ട്ണർ കേരള നഗരവികസന സംഗമം

3288. ശ്രീ.അൻവർ സാദത്ത്

,, പി.എ.മാധവൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നഗരവികസന പദ്ധതികൾക്ക് പൊതു - സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കപ്പെടുന്നത്; വിശദമാക്കുമോ;

## നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം

3289. ശ്രീ.കെ.അച്ചുതൻ

,, ഹൈബി ഈഡൻ

,, കെ.മുരളീധരൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക്, പദ്ധതികളിൽ സാങ്കേതിക സഹായം നൽകുന്നതിന് കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നഗരങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നടപടി നഗരസഭകളുടെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി

3290. **ശ്രീ.ആർ . സെൽവരാജ് :** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി എന്നാണ് നിലവിൽ വന്നതെന്നും, അതിന്റെ അദ്ധ്യക്ഷൻമാരായി ചുമതല നോക്കിയവരുടെ പേരും വിവരങ്ങളുമടങ്ങിയ പട്ടികയും ലഭ്യമാക്കാമോ?

## ശുചിത്വമിഷൻവഴി നഗര മാലിന്യ നിർമ്മാർജനം

3291. **ശ്രീ.കെ.രാധാകൃഷ്ണൻ**
**,, രാജു എബ്രഹാം**
**,, എ.എം. ആരിഫ്**
**,, എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജന പദ്ധതികളുടെ നടത്തിപ്പിൽ ശുചിത്വമിഷനുള്ള പങ്കെന്താണെന്ന് അറിയിക്കാമോ ;

(ബി) ഈ ലക്ഷ്യം മുൻനിർത്തി മിഷൻ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കിയിട്ടുള്ളതെന്നറിയിക്കാമോ ;

(സി) ഈ പദ്ധതികളുടെ നടത്തിപ്പ് മാലിന്യനിർമ്മാർജ്ജനത്തിന് ഏതളവുവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞുവെന്നറിയിക്കാമോ ;

(ഡി) ശുചിത്വമിഷന് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുകയുടെയും ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ ലഭ്യമാണോ ?

നഗരവികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

3292. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഗരവികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം എന്തു തുക നേടാനായിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി എത്ര എസ്.സി/എസ്.ടി കുടുംബങ്ങൾക്ക് ഭവനങ്ങൾ ലഭ്യമാക്കാനായിട്ടുണ്ട്;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ

3293. ശ്രീ.വർക്കല കഹാർ

,, കെ.മുരളീധരൻ

,, വി.ഡി.സതീശൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏത് പദ്ധതിയിൽപ്പെടുത്തിയാണ് പ്രസ്തുത വികസന പദ്ധതികൾ നടപ്പാക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുള്ള നോഡൽ ഏജൻസി ഏതാണ് ; വ്യക്തമാക്കുമോ ?

അർബൻ ഇൻഫ്രാസ്ട്രക്ക്ച്ചർ ഡവലപ്പ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൌൺസ് **(UIDSSMT)** പദ്ധതി

3294. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ ഇൻഫ്രാസ്ട്രക്ക്ച്ചർ ഡവലപ്പ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൌൺസ് (UIDSSMT) പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ അനുവദിച്ച തുക

മുൻസിപ്പാലിറ്റി തിരിച്ച് വിശദമാക്കുമോ;2014-15ൽ എത്ര തുകയുടെ പദ്ധതികളാണ് മാവേലിക്കര മുൻസിപ്പാലിറ്റിയുടെതായി പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരള സസ്റ്റേയിനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്റ്റ് (KSUDP) പ്രകാരം മാവേലിക്കര മുൻസിപ്പാലിറ്റിയിൽ എത്ര തുക, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം 2014-15 ൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നല്കുവാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) അടിയന്തിരമായി ഭരണാനുമതി നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ജനറം പദ്ധതി

3295. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനഗരകാര്യമന്ത്രാലയം നടപ്പിലാക്കുന്ന ജൻറം പദ്ധതിയുടെ ഭാഗമായി നഗരസഭകളുടെ സുസ്ഥിര വികസനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം 2011-12ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരങ്ങൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം 2012-13ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം 2012-13ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(ഇ) പ്രസ്തുത പദ്ധതികൾ പ്രകാരം 2014-15 സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ?

## പാതയോരങ്ങളിൽ പരസ്യ ബോർഡുകൾ

3296. ശ്രീ.കെ.മുരളീധരൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും

ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാതയോരങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നത് സംബന്ധിച്ച് നഗരകാര്യ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;വിശദമാക്കുമോ;

(സി) എത്ര തുകയാണ് പദ്ധതി വഴി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത്; പദ്ധതി യുടെ ചുമതല ആരെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ?

<u>കേരള സസ്റ്റൈനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജകട്</u>

3297. ശ്രീ.സി.പി.മുഹമ്മദ്

,, ഡൊമിനിക് പ്രസന്റേഷൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സസ്റ്റൈനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

<u>ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി വൈപ്പിൻ-പള്ളിപ്പുറം തീരദേശ റോഡ് നിർമ്മാണം</u>

T 3298. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി വൈപ്പിൻ-പള്ളിപ്പുറം തീരദേശ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എസ്റ്റിമേറ്റ് തുകയും അനുമതി നൽകിയ വർഷവും വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി എത്ര റീച്ചുകളായാണ് ടെണ്ടർ നൽകിയിരിക്കുന്നതെന്നും ഓരോ റീച്ചും ടെണ്ടർ ചെയ്ത തീയതിയും വ്യക്തമാക്കാമോ;

(ഡി) ഓരോ റീച്ചിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ഇ) നിർമ്മാണത്തിൽ തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ ഏതൊക്കെ റീച്ചുകളിൽ ഏതൊക്കെ പ്രശ്നങ്ങൾ എന്ന് വ്യക്തമാക്കാമോ;

(എഫ്) 1, 3 റീച്ചുകളുടെ നിർമ്മാണം എന്തുകൊണ്ട് തടസ്സപ്പെട്ടിരിക്കുന്നുവെന്നും ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

<u>സി.സി.എം.വൈ സബ് സെന്ററുകൾ</u>

3299. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.സി.എം.വൈ യ്ക്കായി എത്ര സബ് സെന്റർ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സെന്ററുകളുടെ മേൽവിലാസം നൽകുമോ;

(സി) പ്രസ്തുത സെന്ററുകൾ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നോട്ടിഫിക്കേഷൻ/ പത്രപരസ്യം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സെന്ററുകളിൽ എത്ര പ്രിൻസിപ്പൽമാരെ നിയമിച്ചിട്ടുണ്ട്; ഇവരുടെ നിയമനത്തിനായി നോട്ടിഫിക്കേഷൻ/ പത്രപരസ്യം നൽകിയിരുന്നോ; വിശദവിവരം നൽകുമോ?

<u>തവനൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി</u>

3300. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ന്യൂനപക്ഷങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എത്ര രൂപയുടെ കുടിവെള്ള പദ്ധതികളാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) തവനൂർ മണ്ഡലത്തിലെ ഏതെങ്കിലും പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിന്റെ നടപടികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ ?

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

3301. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി സെക്രട്ടേറിയറ്റിലും മറ്റു ഓഫീസുകളിലും എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ

(ബി) പ്രധാനമന്ത്രിയുടെ 15 ഇന പരിപാടികളുടെ നടത്തിപ്പിനും മോണിറ്ററിംഗിനുമായി സെക്രട്ടേറിയറ്റിൽ പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ന്യൂനപക്ഷ ക്ഷേമ വകുപ്പ് സ്വതന്ത്രമായി ഒരു സെക്രട്ടറിയുടെ കീഴിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ റൂൾസ്</u>

3302. ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീല പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പിലെ ജീവനക്കാരുടെ റാങ്കും ശമ്പള നിരക്കും നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഏത് മാനദണ്ഡം അനുസരിച്ചാണ് ഇപ്പോൾ ശമ്പളം നൽകി വരുന്നത്;

(ഡി) പ്രസ്തുത വകുപ്പിൽ വിവിധ തസ്തികകളിൽ നിയമനം ലഭിക്കുന്നതിന് നിശ്ചിത യോഗ്യത നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ഈ വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രസ്തുത യോഗ്യത ഉണ്ടോ എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം, ധനകാര്യം , പൊതുഭരണം എന്നീ വകുപ്പുകളോ പബ്ലിക്ക് സർവ്വീസ് കമ്മീഷനോ എന്തെങ്കിലും അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ന്യൂനപക്ഷ ക്ഷേമം</u>

3303. ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീല പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും

ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷത്തിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ കേരളത്തിലെ ന്യൂനപക്ഷക്ഷേമത്തിനായി എത്ര തുക അനുവദിച്ചു;

(ബി) ഇനം തിരിച്ച് അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) 2015 ജനുവരി വരെ ടി വകുപ്പിലെ വിവിധ പദ്ധതികളുടെ തുക വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൽ വ്യക്തമാക്കാമോ;

(ഡി) ഇനി എത്ര തുക വിനിയോഗിക്കാനുണ്ടോന്ന് വ്യക്തമാക്കാമോ;

(ഇ) 2011-2012, 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതം ലാപ്സായിയെന്ന് വ്യക്തമാക്കാമോ?

<u>ന്യൂനപക്ഷ ക്ഷേമം</u>

3304. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി ഓരോ വർഷവും അനുവദിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിനുവേണ്ടി ധനസഹായമായോ വായ്പയായോ ഓരോ വർഷവും അനുവദിച്ച തുക ഗുണഭോക്താക്കളുടെ മേൽവിലാസം ഉൾപ്പെടെ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പദ്ധതി</u>

3305. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ. വിവാഹ മോചിതർ തുടങ്ങിയവർക്കായുള്ള ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എപ്രകാരമാണ്; വിശദവിവരം നൽകുമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു; ഈ വീട്ടുകളുടെ നിർമ്മാണ പുരോഗതി വിവരം നൽകുമോ;

(ബി) ഗ്രാമസഭകൾ ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി പ്രസ്തുത ഭവനപദ്ധതിയിലും സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ന്യൂനപക്ഷക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിമാനയാത്രകൾ</u>

3306. ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീല പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, സി.കെ.നാണു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഉദ്യാഗസ്ഥർ 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ഇതുവരെ എത്ര വിമാനയാത്രകൾ നടത്തി ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) എന്തിനു വേണ്ടിയായിരുന്നു പ്രസ്തുത വിമാനയാത്രകൾ നടത്തിയത് ;

(സി) പ്രസ്തുത യാത്രകളുടെ ഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ആരൊക്കെയാണ് പ്രസ്തുത വിമാനയാത്രകൾ നടത്തിയതെന്നും ആയിനത്തിൽ സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

## ന്യൂനപക്ഷങ്ങൾക്കുള്ള ഭവനപദ്ധതി

3307. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങൾക്കുള്ള ഭവനപദ്ധതി ഭവനപദ്ധതി പ്രകാരം 2013-14,2014-15 വർഷങ്ങളിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് മേൽവിലാസമുൾപ്പെടെ നൽകുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
15-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.